പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : *301 — 16.03.2010 -ൽ മറുപടിയ്ക്ക്

## വനവൽക്കരണ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്<br>ശ്രീ. കെ.കെ.ജയചന്ദ്രൻ<br>ശ്രീ. പി.കൃഷ്ണപ്രസാദ്<br>ശ്രീ. കെ.സി.കുഞ്ഞിരാമൻ<br>ശ്രീ. എസ്.രാജേന്ദ്രൻ | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) വനംവകുപ്പ് നടപ്പാക്കിയ വനവൽക്കരണ പദ്ധതികൾ ഏതെല്ലാമാണ്; | (എ) എന്റെ മരം, നമ്മുടെ മരം, വഴിയോരതണൽ, ഹരിതതീരം, ഹരിതകേരളം എന്നീ പദ്ധതികൾക്കു പുറമേ തേക്ക് തോട്ടങ്ങളും, പൾപ്പ് വുഡ്-തോട്ടങ്ങളും, ഘന മരത്തോട്ടങ്ങളും, മുളത്തോട്ടങ്ങളും, ഔഷധവൃക്ഷത്തോട്ടങ്ങളും വച്ചു പിടിപ്പിക്കുന്ന പദ്ധതികളും നടപ്പാക്കിവരുന്നുണ്ട്. കൂടാതെ ദേശീയ വനവൽക്കരണ പരിപാടിയും നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) ഈ പദ്ധതികൾ മൂലം കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ വ്യക്തമാക്കുമോ; | (ബി) നടപ്പു സാമ്പത്തിക വർഷത്തിൽ മേൽ പരാമർശിച്ച പദ്ധതികൾപ്രകാരം 575 ഹെ. തേക്കുതോട്ടം, 462 ഹെ. പൾപ്പ്വുഡ്-തോട്ടം, 168 ഹെ. ഔഷധ തോട്ടം, 134 ഹെ. ഘനമരതോട്ടം, 420 ഹെ. തടിഇതരവനവിഭവതോട്ടം എന്നിവ വച്ചുപിടിപ്പിച്ചിട്ടുണ്ട്. കൂടാതെ സോഷ്യൽ ഫോറസ്ട്രി വിഭാഗം മുഖേന 107.82 ലക്ഷം തൈകൾ നടുന്നതിലേക്കായി വിതരണം ചെയ്തിട്ടുണ്ട്. ദേശീയ വനവൽക്കരണ പദ്ധതിയിൻകീഴിൽ ഈ വർഷം 18.70 ലക്ഷം വൃക്ഷ തൈകൾ വച്ചു പിടിപ്പിച്ചിട്ടുണ്ട്. |
| (സി) ഹരിത കേരളം പദ്ധതി പ്രകാരം എത്ര ലക്ഷം വൃക്ഷത്തൈകൾ നട്ടു; അടുത്ത വർഷത്തേക്കുള്ള നഴ്സറികളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; | (സി) 2009 ൽ ഹരിതകേരളം പദ്ധതിപ്രകാരം 31.40 ലക്ഷം തൈകൾ നട്ടുപിടിപ്പിക്കുന്നതിനായി എല്ലാ പഞ്ചായത്തുകൾക്കും വിതരണം ചെയ്തിട്ടുണ്ട്. 2010-11 വർഷത്തിൽ 60 ലക്ഷം വൃക്ഷതൈകൾ വനം വകുപ്പും ഏകദേശം 10 ലക്ഷം തൈകൾ ഗ്രാമപഞ്ചായത്തുകളും ഉൽപ്പാദിപ്പിക്കുന്നതിനുള്ള നഴ്സറികളുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ഡി) നശിച്ചുപോയ വൃക്ഷത്തൈകൾക്ക് പകരം വൃക്ഷത്തൈകൾ നട്ടു പിടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (ഡി) നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | വഴിയോര തണൽ പദ്ധതി റോഡുകളുടെ ലഭ്യമായ ഓരങ്ങളിൽ തൊഴിലാളികളുടെ സഹകരണത്തോടെ തുടർന്നും നടത്താൻ നടപടി സ്വീകരിക്കുമോ? | (ഇ) | തൊഴിലാളികളുടെ സഹകരണം പ്രതീക്ഷിച്ചത്രതോതിൽ എല്ലാ സ്ഥലങ്ങളിലും ലഭിച്ചില്ല. എന്നാലും ഈ പരിശ്രമം തുടരുന്നതാണ്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 302 — 16.03.2010-ൽ മറുപടിയ്ക്ക്

## വൈൽഡ് ലൈഫ് ക്രൈം ബ്യൂറോ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാജു<br>ശ്രീ. എൻ. രാജൻ<br>ശ്രീ. പള്ളിപ്രം ബാലൻ<br>ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| എ. സംസ്ഥാനത്ത് എവിടെയെല്ലാം വൈൽഡ് ലൈഫ് ക്രൈം ബ്യൂറോ പ്രവർത്തിക്കുന്നുണ്ട് ; ഈ ബ്യൂറോകളുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | എ. കേന്ദ്ര വനം -പരിസ്ഥിതി മന്ത്രാലയത്തിന്റെ കീഴിലുള്ള വൈൽഡ് ലൈഫ് ക്രൈം കൺട്രോൾ ബ്യൂറോയുടെ ഒരു സബ് റീജിയണൽ യൂണിറ്റ് എറണാകുളം ജില്ലയിലെ കാക്കനാട് പ്രവർത്തിച്ച് വരുന്നു. വൈൽഡ് ലൈഫ് ക്രൈം കൺട്രോൾ ബ്യൂറോയുടെ പ്രവർത്തന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്. |

വന്യജീവി കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള രഹസ്യ വിവരങ്ങൾ ശേഖരിക്കുകയും കുറ്റകൃത്യത്തിന് **കാരണക്കാരായവർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനായി പ്രസ്തുത വിവരങ്ങൾ സംസ്ഥാനസർക്കാരിനെയും ലോ എൻഫോഴ്സ്മെന്റ് ഏജൻസികളെയും അറിയിക്കുക.**

വന്യജീവി കുറ്റകൃത്യങ്ങൾ സംബന്ധിച്ച് ഒരു ഏകീകൃത ഡേറ്റാ ബാങ്ക് ഉണ്ടാക്കുക.

1972 ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ ഓഫീസുകളുടേയും സംസ്ഥാന സർക്കാരുകളുടേയും മറ്റ് അധികാരികളുടേയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക

വിവിധ അന്താരാഷ്ട്ര കൺവെൻഷനുകളും പ്രോട്ടോകോളുകളും പ്രകാരം രൂപീകരിച്ചതോ, രൂപീകരിക്കുന്നതോ ആയ ഉടമ്പടികൾ നടപ്പിലാക്കുക.

അന്താരാഷ്ട്രതലത്തിൽ വന്യജീവി കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിനായി വിദേശ രാജ്യങ്ങളുടെയും ബന്ധപ്പെട്ട അന്താരാഷ്ട്രസംഘടനകളുടെയും ഏകോപിത പ്രവർത്തനങ്ങൾക്ക് സഹായം നൽകുക.

ശാസ്ത്രീയവും സാങ്കേതികവുമായ അന്വേഷണം നടത്തി വന്യജീവി കുറ്റകൃത്യം സംബന്ധിച്ച കേസുകൾ വിജയകരമായി പ്രോസിക്യൂട്ട് ചെയ്യുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും സംസ്ഥാന സർക്കാരിന് സഹായം നൽകുക.

ദേശീയവും അന്താരാഷ്ട്രീയവുമായി ബന്ധപ്പെട്ട് വന്യജീവി കേസുകളിൽ കേന്ദ്രസർക്കാരിന് ഉപദേശം നൽകുക.

വന്യജീവികളുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങളിൽ മാറ്റങ്ങളോ ഭേദഗതികളോ ആവശ്യമെങ്കിൽ അവ നിർദ്ദേശിക്കുക.

**ബി. ഈ ക്രൈം ബ്യൂറോകൾ ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;**

ബി. **വൈൽഡ് ലൈഫ് ക്രൈം കൺട്രോൾ ബ്യൂറോയും അതിനു താഴെയുള്ള യൂണിറ്റുകളും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ്. കാക്കനാടുള്ള സബ് റീജിയണൽ** യൂണിറ്റിനെ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് വേണ്ടത്ര ജീവനക്കാരെയും വിദഗ്ദ്ധരെയും നിയമിക്കണമെന്നും കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെയും വൈദഗ്ദ്ധ്യം ഉപയോഗിച്ച് ഒരു വൈൽഡ് ലൈഫ് ഫോറൻസിക് ലാബ് തുടങ്ങണമെന്നും കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വന്യജീവി കുറ്റകൃത്യങ്ങൾ തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വന്യജീവി കുറ്റകൃത്യങ്ങൾ തടയുന്നതിനായി വനം വകുപ്പ് താഴെ പറയുന്ന നടപടികൾ സ്വീകരിച്ച് നടപ്പിലാക്കി വരുന്നു.

1 ദക്ഷിണേന്ത്യയിലെ വനം മന്ത്രിമാരുടെ സമ്മേളനം എല്ലാ വർഷവും നടത്തി വരുന്നു. തമിഴ്നാട്, കർണ്ണാടകം എന്നീ അയൽ സംസ്ഥാനങ്ങളിലെ വനം, പോലീസ് വകുപ്പുകളിൽനിന്നുള്ള ഉന്നത ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു അന്തർ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി സമയബന്ധിതമായി യോഗം ചേർന്ന് വനം-വന്യജീവി കുറ്റകൃത്യങ്ങൾ തടയുന്നത് സംബന്ധിച്ചും കുറ്റവാളികളെ പിടികൂടുന്നത് സംബന്ധിച്ചും പരസ്പരം വിവരങ്ങൾ കൈമാറുകയും സഹകരണം ഉറപ്പാക്കുകയും ചെയ്യുന്നു.

2 വന്യജീവി സംബന്ധമായ കുറ്റകൃത്യങ്ങൾ അമർച്ച ചെയ്യുന്നതിനായി വനം, പോലീസ്, എക്സൈസ് വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാരുടെ ഒരു ഏകദിന ശിൽപ്പശാല 18.08.2009 ൽ തിരുവനന്തപുരത്ത് നടത്തുകയുണ്ടായി.

3 **പ്രസ്തുത ശിൽപ്പശാലയിലെ നിർദ്ദേശങ്ങൾ അനുസരിച്ച് ഓരോ ജില്ലയിലും അതാതു ജില്ലാ പോലീസ് സൂപ്രണ്ട്, എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ എന്നിവർ അംഗങ്ങളായും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കൺവീനറുമായി** ഒരു ദൗത്യ സംഘത്തെ സർക്കാർ ഉത്തരവ് നം. (എം.എസ്.) 49/2009/വനം തീയതി 6.11.2009 പ്രകാരം നിയമിച്ചിട്ടുണ്ട്.

4. സംരക്ഷണ വിഭാഗം ജീവനക്കാർക്ക് വനം വന്യജീവി കുറ്റകൃത്യങ്ങളെക്കുറിച്ച് രഹസ്യ വിവരം ശേഖരിക്കുന്നതു സംബന്ധിച്ചും കേസുകളിൽ അന്വേഷണം നടത്തി കുറ്റവാളി കളെ കണ്ടെത്തുന്നത് സംബന്ധിച്ചുമുള്ള

ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനായി പോലീസ് വകുപ്പുമായി ചേർന്ന് ഒരു ശില്പശാല 20.01.2010 മുതൽ 22.01.2010 വരെ തിരുവനന്തപുരം പോലീസ് ട്രെയിനിങ് കോളേജിൽ വച്ച് സംഘടിപ്പിക്കുകയുണ്ടായി.

5. ജില്ലാ കളക്ടർ ചെയർമാനും പോലീസ് സൂപ്രണ്ട്, അസിസ്റ്റന്റ് എക്സൈസ് കമ്മിഷണർ, ഡിസ്ട്രിക്ട് ഗവൺമെന്റ് പ്ലീഡർ, സ്പെഷ്യൽ ബ്രാഞ്ച് പ്രതിനിധി, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എന്നിവർ അംഗങ്ങളുമായുള്ള ഡിസ്ട്രിക്ട് ലെവൽ കോ-ഓർഡിനേഷൻ കമ്മിറ്റികളും, ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനും വനം വകുപ്പ് സെക്രട്ടറി വൈസ്ചെയർമാനും പോലീസ് ഡയറക്ടർ ജനറൽ, പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ഇന്റലിജൻസ് വിഭാഗം പോലീസ് ഇൻസ്പെക്ടർ ജനറൽ, എക്സൈസ് കമ്മിഷണർ, നിയമവിഭാഗം സെക്രട്ടറി, സംരക്ഷണ വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ എന്നിവർ അംഗങ്ങളും, വന്യജീവി വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ കൺവീനറുമായുള്ള സ്റ്റേറ്റ് ലെവൽ കോ-ഓർഡിനേഷൻ കമ്മിറ്റിയും വനം വന്യജീവി കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

6. ഇന്റലിജൻസ് സെല്ലിനെ ശക്തിപ്പെടുത്തിയിട്ടുണ്ട്.

7. വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെയുള്ള വനം വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകി വരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 1 303

16/03/2010 - ൽ മറുപടിക്ക്

## തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ ജലപാത നിർമ്മാണം

**ചോദ്യം**

ശ്രീ.സി.ടി.അഹമ്മദ് അലി

(എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ ജലപാത നിർമ്മിക്കുന്നതിനുള്ള പണി എത്രത്തോളമായിയെന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര ദൂരം പണിപൂർത്തിയായി ; എതു വരെയെന്ന് വെളിപ്പെടുത്തുമോ ;

**ഉത്തരം**

ശ്രീ.വി.എസ്.അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

(എ)യും (ബി)യും

കേരളത്തിലെ തീരദേശ ജലപാത കോവളം മുതൽ നീലേശ്വരം വരെ 590 കി.മീ. ആണ്. ഇതിൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ. പാത ദേശീയ ജലപാതയുടെ ഭാഗമാണ് ഈ ഭാഗം കഴിച്ച് 422 ക.മീ. ദൂരം സംസ്ഥാന ജലപാതയാണ്,

സംസ്ഥാന ജലപാതയിലെ താഴെപ്പറയും പണികൾ നടന്നു വരുന്നു.

| | പണി നടക്കുന്ന ഭാഗം | പണി തീർന്ന ഭാഗം |
|---|---|---|
| തിരുവനന്തപുരം - കൊല്ലം | 28.07 കി.മീ | ഇല്ല |
| തൃശ്ശൂർ കോട്ടപ്പുറം മുതൽ പുവത്തിൻ കടവ് വരെ | 9.0 കി.മീ. | 4.50 കി.മീ. |
| മലപ്പുറം അണ്ടത്തോട് മുതൽ പൊന്നാനി വരെ | 4.06 കി.മീ. | 0.80 കി.മീ. |
| കോഴിക്കോട് ബി.കെ.കനാൽ ഇ.കെ.കനാൽ വടക്കുംപാട് നദി | 8.99 കി.മീ. | |
| കണ്ണൂർ കുപ്പം നദി പാലക്കോട്നദി പെരുമ്പ നദി സുൽത്താൻ കനാൽ | 41.83 കി.മീ. | 41.83 കി.മീ. |
| ആകെ | 91.95 കി.മീ. | 47.13 കി.മീ. |

| | | |
|---|---|---|
| | | 92 കിലോ മീറ്ററിൽ പണികൾ അറേഞ്ച് ചെയ്തതിൽ 47.13 കി.മീ. ഭാഗം പൂർത്തിയായിട്ടുണ്ട്. |
| (സി) പണി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; | : | (സി) പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ ധനസഹായത്തിന്റെ കാലാവധി 31/03/2010-ൽ പൂർത്തിയാകുന്നതിനാൽ ആവുന്നത്ര പണികൾ ആ തീയതിക്കുള്ളിൽ പൂർത്തീകരിയ്ക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ഡി) ഇനിയും എത്ര നാൾകൊണ്ട് പണി പൂർത്തീകരിയ്ക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | : | (ഡി) ഇപ്പോൾ പൂർത്തീകരിക്കാൻ കഴിയാത്ത പണികൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഘട്ടം ഘട്ടമായി മാത്രമേ പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ. |
| (ഇ) പണി പൂർത്തിയാക്കിയ സ്ഥലങ്ങളിൽ ബോട്ട് സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ? | : | (ഇ) പൂർത്തിയാക്കിയ സ്ഥലങ്ങളിൽ യാത്രാ ബോട്ടുകൾ സർവ്വീസ് തുടങ്ങിയിട്ടില്ല. എന്നാൽ സ്വകാര്യ വള്ളങ്ങളും ബോട്ടുകളും ഇതിനോടകം സർവ്വീസ് തുടങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : *304 — 16.03.2010 -ൽ മറുപടിയ്ക്ക്

## മരം വച്ചുപിടിപ്പിക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോർജ് മേഴ്സിയർ<br>ശ്രീ. കെ.അച്ചുതൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |

(എ) വനം വകുപ്പിന്റെയും സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെയും ആഭിമുഖ്യത്തിൽ ഒറ്റയ്ക്കും കൂട്ടായും മരം നട്ടുപിടിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളുണ്ട്;

(എ) സോഷ്യൽ ഫോറസ്ട്രി വിഭാഗം ഇപ്പോൾ എന്റെ മരം, നമ്മുടെ മരം, വഴിയോരതണൽ, ഹരിതതീരം, ഹരിതകേരളം എന്നീ പദ്ധതികളും, വനം വകുപ്പിന്റെ മറ്റു വിഭാഗങ്ങൾ, തേക്ക് തോട്ടങ്ങൾ, പൾപ്പ് വുഡ് തോട്ടങ്ങൾ, ഘന മരത്തോട്ടങ്ങൾ, മുളത്തോട്ടങ്ങൾ, ഔഷധവൃക്ഷത്തോട്ടങ്ങൾ എന്നിവ വച്ചു പിടിപ്പിക്കുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ദേശീയ വനവൽക്കരണ പരിപാടിയും നടപ്പിലാക്കി വരുന്നുണ്ട്.

(ബി) ഈ പദ്ധതി പ്രകാരം എത്ര മരം വച്ചുപിടിപ്പിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്;

(ബി) സോഷ്യൽ ഫോറസ്ട്രി വിഭാഗം നടപ്പാക്കിവരുന്ന വിവിധ പദ്ധതികൾപ്രകാരം 44 ലക്ഷം തൈകൾ നടുന്നതിനായി വിതരണം ചെയ്യുന്നതാണ്. ഇതിനു പുറമേ, വനംവകുപ്പും, തദ്ദേശഭരണ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന 'ഹരിത കേരളം' പദ്ധതിയിൻ കീഴിൽ 70 ലക്ഷം വൃക്ഷതൈകളും വിതരണം ചെയ്യപ്പെടും.

(സി) ഈ പദ്ധതികളനുസരിച്ച് ഇതുവരെ എത്ര മരങ്ങൾ വച്ചുപിടിപ്പിച്ചു;

(സി) സോഷ്യൽ ഫോറസ്ട്രി വിഭാഗം മുഖേന ഈ സാമ്പത്തിക വർഷത്തിൽ 44.40 ലക്ഷം തൈകൾ നടുന്നതിലേക്കായി വിതരണം ചെയ്യുകയും 20000 തൈകൾ വഴിയോരതണൽ പദ്ധതിപ്രകാരം റോഡുകളുടെ വശങ്ങളിൽ വച്ചുപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ദേശീയ വനവൽക്കരണ പദ്ധതിയിൻകീഴിൽ 18.70 ലക്ഷം വൃക്ഷതൈകളും വച്ചു പിടിപ്പിച്ചിട്ടുണ്ട്. കൂടാതെ 575.39 ഹെ. തേക്കുതോട്ടം, 1251.31 ഹെ. സ്ഥലത്ത് നശിക്കപ്പെട്ട വനങ്ങളുടെ പുനരുദ്ധാരണത്തിനും, 420.6 ഹെ. സ്ഥലത്ത് തടിയേതര വനവിഭവങ്ങളും, 462.37 ഹെ. പൾപ്പുവുഡ് തോട്ടം, 165.5 ഹെ. ഔഷധതോട്ടം, 134 ഹെ. ഘനമരതോട്ടം വച്ചു പിടിപ്പിച്ചിട്ടുണ്ട്.

(ഡി) ഇതിനാവശ്യമായ വൃക്ഷത്തൈകൾ വിതരണം ചെയ്യുവാൻ കഴിയുന്നുണ്ടോ ?

(ഡി) ആവശ്യമായ തൈകൾ വിതരണം ചെയ്യുന്നതിന് സാധിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം
നമ്പർ :**305**.

**16..3..2010** ൽ മറുപടിക്ക്

### "തീറ്റപ്പുൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി"

ചോദ്യം

ശ്രീ. പി. വിശ്വൻ എം.എൽ.എ.:
ശ്രീ. സി.കെ.പി. പത്മനാഭൻ എം.എൽ.എ.:
ശ്രീ. ആർ. സെൽവരാജ് എം.എൽ.എ.:
ശ്രീ. പി.ടി.എ. റഹീം എം.എൽ.എ.:

(എ) അത്യുല്പാദന ശേഷിയുള്ള തീറ്റപ്പുൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ;

ഉത്തരം

ശ്രീ. സി. ദിവാകരൻ
ഭക്ഷ്യ-സിവിൽ സപ്ലൈസ്-മൃഗസംരക്ഷണ വകുപ്പ് മന്ത്രി

(എ) അത്യുല്പാദന ശേഷിയുള്ള തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് മുഖേന താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.

1) അത്യുല്പാദന ശേഷിയുള്ള തീറ്റപ്പുൽ നടീൽ വസ്തുക്കളുടെ വിതരണം.

2) ക്ഷീരസംഘങ്ങൾ മുഖേന മാതൃക പുൽക്കൃഷി തോട്ടങ്ങളുടെ നിർമ്മാണം.

3) കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്തിട്ടുള്ള പുതിയ തീറ്റപ്പുൽ ഇനങ്ങളുടെ വ്യാപനത്തിനായി ഡെമോൺസ്ട്രേഷൻ പ്ലോട്ടുകൾ തയ്യാറാക്കൽ.

4) മാതൃക തീറ്റപ്പുൽ തോട്ടങ്ങൾക്ക് ജലസേചന സൗകര്യങ്ങൾ.

തീറ്റപ്പുൽ കൃഷി വികസനത്തിനായി 2009-10 പദ്ധതിയിനത്തിൽ 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇവയ്ക്കു പുറമെ, കേരളാ ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് കുടുംബശ്രീ യൂണിറ്റുകളുടെ സഹകരണത്തോടുകൂടി തീറ്റപ്പുൽ കൃഷി വ്യാപകമാക്കാനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ, മിൽമ തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി

ക്ഷീരകർഷകന് തീറ്റപ്പുൽ കൃഷി ചെയ്യുന്നതിനാവശ്യമായ പുൽക്കടയും, വളവും, കൃഷിച്ചെലവും നൽകി വരുന്നു.

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര മെട്രിക് ടൺ തീറ്റപ്പുല്ല് ഉൽപ്പാദിപ്പിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ബി) ക്ഷീരവികസന വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതി പ്രകാരം 2664 ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുക വഴി ഒരു വർഷം ഏകദേശം 4 ലക്ഷം മെട്രിക് ടണ്ണും, കേരളാ ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ പദ്ധതി മുഖേന 300 മെട്രിക് ടണ്ണും, മിൽമ പദ്ധതികൾ മുഖേന 60200 മെട്രിക് ടണ്ണും തീറ്റപ്പുല്ല് ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) തീറ്റപ്പുല്ല് ഉൽപ്പാദിപ്പിക്കുന്നതിന് കർഷകർക്ക് എത്ര രൂപയുടെ സഹായം നൽകി എന്ന് വെളിപ്പെടുത്തുമോ;

(സി) തീറ്റപ്പുൽ ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി 2009-10 സാമ്പത്തിക വർഷത്തിൽ ക്ഷീരവികസന വകുപ്പ് മുഖേന കർഷകർക്ക് 123.716 ലക്ഷം രൂപ ധന സഹായം നൽകിയിട്ടുണ്ട്. ഇതു കൂടാതെ, കേരളാ ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് 33 ലക്ഷം രൂപയും മിൽമ 57.67 ലക്ഷം രൂപയുടെയും ധനസഹായം ക്ഷീരകർഷകർക്ക് നല്കിയിട്ടുണ്ട്.

(ഡി) വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ഡി) 2009-2010 സാമ്പത്തിക വർഷത്തിൽ ക്ഷീര സംഘങ്ങൾ മുഖേന 14 ഹെക്ടർ സ്ഥലത്ത് വാണിജ്യാടിസ്ഥാനത്തിലാണ് തീറ്റപ്പുൽ കൃഷി ചെയ്തുവരുന്നത്. വരും വർഷങ്ങളിൽ ഇത് കൂടുതൽ സ്ഥലത്ത് വ്യാപിപ്പിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 306

16.3.2010 ൽ
മറുപടിയ്ക്ക്

കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്

ചോദ്യം
ശ്രീ. പി.കെ. അബ്ദുറബ്ബ് ;
ശ്രീ. എം. ഉമ്മർ ;

എ) കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ) ന്റെ കീഴിൽ സംസ്ഥാനത്ത് എന്തെല്ലാം പദ്ധതികളാണിപ്പോൾ നടപ്പാക്കുന്നത് ;

ബി) ഓരോ പദ്ധതിയും അതിനുള്ള മുതൽമുടക്കും വ്യക്തമാക്കുമോ ;

ഉത്തരം
ശ്രീ. വി.എസ്. അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

(എ) യും (ബി) യും

വിവര സാങ്കേതിക വിദ്യാ മേഖലയുടെ വികസനത്തിനായി KSITIL, ടെക്നോപാർക്കും, ഇൻഫോപാർക്കും, സൈബർപാർക്കുമായി ചേർന്ന് പദ്ധതികൾ നടപ്പിലാക്കി വരുന്നു. സർക്കാരിന് വേണ്ടി ഐ.ടി. ടൗൺഷിപ്പുകൾ/ സിറ്റികൾ പി.പി.പി. മോഡലിൽ വികസിപ്പിക്കുന്നത് KSITIL ആണ്. ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നിവ സർക്കാരിന് വേണ്ടി ഐ.ടി. പാർക്കുകൾ വികസിപ്പിക്കുകയും നടത്തുകയും ചെയ്യുന്നു. ഓരോ ഐ.ടി. പാർക്കിന്റെയും മൊത്തം സ്ഥലത്തിന്റെ ഒരു ഭാഗം KSITIL ഉം ബാക്കി ഭാഗം ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നിവയും വികസനം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. ഇപ്രകാരം സംയുക്ത രീതിയിൽ വികസന പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന പാർക്കുകൾ താഴെപ്പറയുന്നവയാണ്.

ടെക്നോപാർക്ക് മൂന്നാംഘട്ടം - ഇപ്പോൾ 300 കോടി രൂപയുടെ മുതൽമുടക്ക് നടന്നുകൊണ്ടിരിക്കുന്നു. പൂർത്തിയാകുമ്പോൾ ഏകദേശം 800 കോടി രൂപയുടെ മുതൽമുടക്ക് പ്രതീക്ഷിക്കുന്നു.

ടെക്നോസിറ്റി (ടെക്നോപാർക്ക് നാലാംഘട്ടം) ഇപ്പോൾ 325 കോടി രൂപയുടെ മുതൽമുടക്ക് നടന്നുകൊണ്ടിരിക്കുന്നു. പൂർത്തിയാകുമ്പോൾ ഉദ്ദേശം 4500 കോടി രൂപയുടെ മുതൽമുടക്ക് പ്രതീക്ഷിക്കുന്നു.

ടെക്നോപാർക്ക് കൊല്ലം - ഇപ്പോൾ 60 കോടി രൂപയുടെ മുതൽമുടക്ക് നടന്നുകൊണ്ടിരിക്കുന്നു. പൂർത്തിയാകുമ്പോൾ ഉദ്ദേശം 300 കോടി രൂപയുടെ മുതൽമുടക്ക് പ്രതീക്ഷിക്കുന്നു.

ഇൻഫോപാർക്ക് രണ്ടാംഘട്ടം - ഇപ്പോൾ 160 കോടി രൂപയുടെ മുതൽമുടക്ക് നടന്നുകൊണ്ടിരിക്കുന്നു. പൂർത്തിയാകുമ്പോൾ

ഉദ്ദേശം 2000 കോടി രൂപയുടെ മുതൽമുടക്ക് പ്രതീക്ഷിക്കുന്നു.

ഇൻഫോപാർക്ക് കൊരട്ടി - ഇപ്പോൾ 50 കോടി രൂപയുടെ മുതൽമുടക്ക് നടന്നുകൊണ്ടിരിക്കുന്നു. പൂർത്തിയാകുമ്പോൾ ഉദ്ദേശം 300 കോടി രൂപയുടെ മുതൽമുടക്ക് പ്രതീക്ഷിക്കുന്നു.

ഇൻഫോപാർക്ക് ചേർത്തല - ഇപ്പോൾ 70 കോടി രൂപയുടെ മുതൽമുടക്ക് നടന്നുകൊണ്ടിരിക്കുന്നു. പൂർത്തിയാകുമ്പോൾ ഉദ്ദേശം 600 കോടി രൂപയുടെ മുതൽമുടക്ക് പ്രതീക്ഷിക്കുന്നു.

ഇൻഫോപാർക്ക് അമ്പലപ്പുഴ - ഇപ്പോൾ 50 കോടി രൂപയുടെ മുതൽമുടക്ക് നടന്നുകൊണ്ടിരിക്കുന്നു. പൂർത്തിയാകുമ്പോൾ ഉദ്ദേശം 500 കോടി രൂപയുടെ മുതൽമുടക്ക് പ്രതീക്ഷിക്കുന്നു.

സൈബർപാർക്ക് കോഴിക്കോട് - ഇപ്പോൾ 60 കോടി രൂപയുടെ മുതൽമുടക്ക് നടന്നുകൊണ്ടിരിക്കുന്നു. പൂർത്തിയാകുമ്പോൾ ഉദ്ദേശം 400 കോടി രൂപയുടെ മുതൽമുടക്ക് പ്രതീക്ഷിക്കുന്നു.

സൈബർപാർക്ക് കണ്ണൂർ - ഇപ്പോൾ 20 കോടി രൂപയുടെ മുതൽമുടക്ക് നടന്നുകൊണ്ടിരിക്കുന്നു. പൂർത്തിയാകുമ്പോൾ ഉദ്ദേശം 100 കോടി രൂപയുടെ മുതൽമുടക്ക് പ്രതീക്ഷിക്കുന്നു.

ഏകദേശം 14 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഐ.സി.റ്റി. അക്കാദമി പി.പി.പി. മോഡലിൽ നടപ്പിലാക്കാൻ KSITIL നടപടികൾ എടുത്തിട്ടുണ്ട്. ഇതിൽ KSITIL ന്റെ ഉടമസ്ഥാവകാശം 26% ആണ്. KSITIL ടെക്നോലോഡ്ജ് പദ്ധതിയും (റൂറൽ ഐ.ടി. പാർക്ക്) നടപ്പിലാക്കി വരുന്നു. ഉദ്ദേശം 50 ലക്ഷം രൂപ മുതൽ മുടക്കിൽ കൊല്ലം ജില്ലയിലെ കടയ്ക്കലും പെരിനാടും രണ്ട് ടെക്നോലോഡ്ജുകൾ ആരംഭിച്ചിട്ടുണ്ട്.

സി) കെ.എസ്.ഐ.റ്റി.ഐ. യുടെ ഓഹരികൾ വിൽക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

ഡി) എങ്കിൽ ഓഹരി വിൽപ്പനയിലൂടെ സർക്കാർ ലക്ഷ്യമിടുന്ന പദ്ധതികൾ എന്തെല്ലാമാണ് ;

(സി) യും (ഡി) യും.

സംസ്ഥാന സർക്കാരിന്റെ 51% ഓഹരി പങ്കാളിത്തത്തോടെ സ്ഥാപിതമായിരിക്കുന്ന KSITIL ൽ ഇപ്പോൾ മുഴുവൻ ഓഹരികളും സർക്കാരിന്റേതാണ്. ഈ ഓഹരികൾ വിൽക്കാൻ തീരുമാനിച്ചിട്ടില്ല. എന്നാൽ ഈ കമ്പനിയുടെ AoA യിൽ പറഞ്ഞിരിക്കുന്ന ബാക്കി 49% ഓഹരികൾ ഐ.ടി. കമ്പനികൾ, ബാങ്കുകൾ, പ്രവാസികൾ തുടങ്ങിയവരിൽ

നിന്നും സമാഹരിക്കേണ്ടതായിട്ടുണ്ട്. ഇതിന് വേണ്ടി **SBI Caps** നെ അറേഞ്ചറായി നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| ഇ) | കെ.എസ്.ഐ.ടി.ഐ. ഉടമസ്ഥതയിൽ ഐ.ടി. രംഗത്ത് പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാം ; വിശദാംശം നൽകാമോ ? | ഇ) | കാസർഗോഡ് സൈബർപാർക്ക് സ്ഥാപിക്കുന്നതിന് വേണ്ടി പ്ളാന്റേഷൻ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള 100 ഏക്കർ ഭൂമി **KSITIL** ന്റെ ഉടമസ്ഥതയിലേയ്ക്ക് കൈമാറാനുള്ള നടപടിക്രമങ്ങൾ അവസാനഘട്ടത്തിലാണ്. ഇതിന് പുറമെ ഏഴ് ടെക്നോ-ലോഡ്ജുകൾ തുടങ്ങുവാൻ സർക്കാർ ഭരണാനുമതി നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം. 307 16..03..2010 ന് മറുപടിക്ക്

# വനപാതകൾ നവീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ

==================================================

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി. കുഞ്ഞിരാമൻ:<br>ശ്രീ. ബി.ഡി. ദേവസ്സി:<br>ശ്രീ. വി.ജെ. തങ്കപ്പൻ:<br>ശ്രീ. അൽഫോൺസ് കണ്ണന്താനം: | ശ്രീ. ബിനോയ് വിശ്വം<br>( വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ) |
| എ). വനപാതകൾ നവീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) വനപ്രദേശങ്ങളിലെ സംരക്ഷണ പ്രശ്നങ്ങൾ, വികസന പ്രവർത്തനങ്ങൾ, വനോൽപ്പന്ന ശേഖരണം, വനപരിപാലന പ്രവർത്തനങ്ങൾ എന്നിവയുടെ ആവശ്യകത പരിഗണിച്ചും, ഈ ഇനം പണികൾക്ക് നീക്കിവച്ചിട്ടുള്ള പരിമിതമായ ഫണ്ടിന്റെ ലഭ്യത അനുസരിച്ചും വനപാതകളുടെ അറ്റകുറ്റപ്പണികൾ നടത്തുകയാണ് പതിവ്. ധനകാര്യ കമ്മീഷന്റെ ഗ്രാന്റ്, നബാർഡിന്റെ ധനസഹായം, പദ്ധതി വിഹിതം എന്നിവ ഉപയോഗപ്പെടുത്തി തിരഞ്ഞെടുത്ത ചില പ്രധാന റോഡുകളുടെ സോളിംഗ്, ടാറിംഗ്, കൾവർട്ട് നിർമ്മാണം എന്നിവ നടത്തുന്നുണ്ട്. |
| ബി). ഈ സർക്കാർ വന്നശേഷം ഇതിനകം എത്ര വനപാതകൾ നവീകരിച്ചു എന്ന് വ്യക്തമാക്കുമോ; | ബി) ഈ സർക്കാർ വന്നശേഷം നബാർഡ് സഹായത്തോടെ ആർ.ഐ.ഡി.എഫ് XII ഫണ്ടിന്റെ സ്കീമിൽ ഉൾപ്പെടുത്തി 64.50 കി.മീ. ദൈർഘ്യമുള്ള 9 റോഡുകളിൽ സോളിംഗ്, ടാറിംഗ്, ഉൾപ്പെടെയുള്ള നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു വരികയാണ്. ബാക്കി പദ്ധതി വിഹിതങ്ങൾ ഉപയോഗിച്ചും വനപാതകളുടെ |

..................2

അറ്റകുറ്റപ്പണികൾ ഫണ്ടിൻെറ ലഭ്യതയ്ക്കനുസ രിച്ചും നടത്തിവരുന്നുണ്ട്.

സി) കാലവർഷം മൂലം സഞ്ചാര യോഗ്യമല്ലാതാകുന്ന വനപാതകൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

സി) ഫണ്ടിൻെറ ലഭ്യത അനുസരിച്ച് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

ഡി) പട്ടികവർഗ്ഗ കോളനികളിലേക്കുള്ള വനപാതകൾ സഞ്ചാരയോഗ്യമാക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ ?

ഡി) പട്ടികവർഗ്ഗ കോളനികളിലേക്കുള്ള വനപാതകൾ മിക്കവയും സഞ്ചാരയോഗ്യമാക്കി പരിപാലിക്കുകയും ഫണ്ടിൻെറ ലഭ്യത അനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം: * 308

16.3.2010 - ൽ മറുപടിയ്ക്ക്

## ആസൂത്രണ ബോർഡ് ആവിഷ്ക്കരിക്കുന്ന പദ്ധതികൾ

**ചോദ്യം**

ശ്രീ: എ. പ്രദീപ് കുമാർ
ശ്രീ. ബാബു എം. പാലിശ്ശേരി
ശ്രീ. കെ.വി. കുഞ്ഞിരാമൻ
ശ്രീ. എം. എം.മോനായി
പ്രൊഫ. സി. രവീന്ദ്രനാഥ്

**ഉത്തരം**

ശ്രീ. വി. എസ്. അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

എ) ആസൂത്രണ ബോർഡ് ആവിഷ്ക്കരിക്കുന്ന പദ്ധതികളുടെ വിലയിരുത്തലിൽ എന്തെല്ലാം ഘടകങ്ങളാണ് പരിശോധിക്കുന്നത്;

എ) വിവിധ വകുപ്പുകളുടെ സ്കീമുകൾ/ പദ്ധതികൾ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിനായി ആസൂത്രണ ബോർഡ് വിവിധ ഘടകങ്ങൾ പരിശോധിക്കാറുണ്ട്. അവ

(1) അനുയോജ്യമായ സ്കീമുകൾ തന്നെയാണോ എന്നും സാമൂഹ്യമായും, ധനപരമായും ഇവ ഗുണം ചെയ്യുന്ന രീതിയിലാണോ എന്നും കൂടാതെ ജനോപകാരപ്രദമാണോ എന്നും വിലയിരുത്തുന്നുണ്ട്. മറ്റ് ഇടത്തരം/വൻകിട പദ്ധതികളാണെങ്കിൽ അവയുടെ ഇൻേറണൽ റേറ്റ് ഓഫ് റിട്ടേൺ, നെറ്റ് പ്രസൻറ് വാല്യു, പേ ബാക്ക് പീരിഡ് എന്നിവ ബന്ധപ്പെട്ട പദ്ധതികൾക്ക് അനുയോജ്യമാണോ എന്നും പരിശോധിക്കാറുണ്ട്.

| | | | |
|---|---|---|---|
| ബി) | പദ്ധതിക്കുള്ള തുകയുടെ വിനിയോഗം പരിശോധിക്കുന്നതോടൊപ്പം ഭൗതിക നേട്ടം കൂടി പരിശോധിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | ബി) | വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ പദ്ധതി അവലോകനം നടത്തുന്നതിനുള്ള പ്ലാൻ സ്പേസ് എന്ന ഒരു സംരംഭം ആസൂത്രണ ബോർഡ് ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൽ ഓരോ പദ്ധതിയുടെയും അതിൽ ഉൾപ്പെടുന്ന വിവിധ ഘടകങ്ങളുടെയും സാമ്പത്തിക /ഭൗതിക ലക്ഷ്യങ്ങളും നേട്ടങ്ങളും സൂക്ഷ്മമായി വിലയിരുത്തുന്നതിന് കഴിയുന്ന തരത്തിൽ ഐ.ഐ.ഐ.റ്റി.എം കെ.യുടെ സാങ്കേതിക സഹായത്തോടെയാണ് പ്രസ്തുത സംവിധാനം തയ്യാറാക്കിയിട്ടുള്ളത്. |
| സി) | എങ്കിൽ ഇതിന്റെ ഫലമായി സംസ്ഥാനത്തെ പദ്ധതി നടത്തിപ്പിൽ എന്തെങ്കിലും പോരായ്മ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; | സി) | വിവിധ വകുപ്പുകളുടെ പദ്ധതി നടത്തിപ്പിൽ പോരായ്മകൾ കണ്ടെത്തിയിട്ടുണ്ട്. |
| ഡി) | എങ്കിൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | ഡി) | അവ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 309 — 16/03/2010-ൽ മറുപടിക്ക്

### ബി.എസ്.എഫ്. റീജിയണൽ ഓഫീസ് കേരളത്തിൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കെ.ഷാജു.<br>ശ്രീ. കെ.ബി.ഗണേഷ്കുമാർ. | ശ്രീ. വി.എസ് അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| എ) ബി.എസ്.എഫ്. റീജിയണൽ ഓഫീസ് കേരളത്തിൽ സ്ഥാപിക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ.<br><br>ബി) കേന്ദ്ര ഗവൺമെന്റ് മിലിറ്ററി-പാരാമിലിറ്ററി വിഭാഗങ്ങൾക്ക് വേണ്ടി സംസ്ഥാനത്ത് അനുവദിക്കുന്ന ഇത്തരത്തിലുള്ള ഓഫീസുകൾ സമയബന്ധിതമായി സംസ്ഥാനത്ത് ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ? | (എ)യും (ബി)യും.<br><br>തൃശ്ശൂർ ജില്ലയിലെ കൈനൂരിൽ ബി.എസ്.എഫ്. യൂണിറ്റ് സ്ഥാപിക്കുന്നതിലേയ്ക്ക് 60 ഏക്കർ സ്ഥലം പാട്ടത്തിന് 25.9.2009-ലെ സർക്കാർ ഉത്തരവ് (എം.എസ്)നം.376/09/ആർ.ഡി. പ്രകാരം റവന്യൂ വകുപ്പ് കൈമാറിയിട്ടുണ്ട്. സമയബന്ധിതമായി യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള തീരുമാനം കേന്ദ്ര സർക്കാരാണ് കൈക്കൊള്ളേണ്ടത്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം
നമ്പർ :**310**.

16..3..2010-ൽ മറുപടിക്ക്

## "ക്ഷീര സഹകരണ സംഘങ്ങൾ ആധുനികവൽക്കരിക്കുന്നതിന് നടപടി"

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. എ.എ. ഷുക്കൂർ എം.എൽ.എ.:**<br>**ശ്രീ. എ.പി. അനിൽകുമാർ എം.എൽ.എ.:**<br>**ശ്രീ. ജി. കാർത്തികേയൻ എം.എൽ.എ.:** | **ശ്രീ. സി. ദിവാകരൻ**<br>**ഭക്ഷ്യ-സിവിൽ സപ്ലൈസ്-മൃഗസംരക്ഷണ വകുപ്പ് മന്ത്രി** |
| (എ) ക്ഷീര സഹകരണ സംഘങ്ങൾ ആധുനികവൽക്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;<br><br>(ബി) എങ്കിൽ എന്തൊക്കെ പദ്ധതികളാണ് ആധുനികവൽക്കരണത്തിന്റെ ഭാഗമായി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) ഉണ്ട്. ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ സംഭരണം ശുചിത്വമുള്ള അന്തരീക്ഷത്തിലാക്കുന്നതിനും ക്ഷീരകർഷകർക്ക് പാൽ പരിശോധിച്ച് വില നൽകുന്ന സമ്പ്രദായം സുതാര്യവും കുറ്റമറ്റതും ആക്കുന്നതിനുമായി ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ സ്ഥാപിക്കുക, പാൽ ശീതീകരണികൾ സ്ഥാപിക്കുക, പാൽ സംസ്ക്കരിച്ച് വിപണനം നടത്തുന്നതിനുള്ള പ്ലാന്റുകൾ സ്ഥാപിക്കുക മുതലായ പദ്ധതികൾ ഇപ്പോൾ തന്നെ നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ, ക്ഷീരസഹകരണ സംഘങ്ങളുടെ ആധുനിക വൽക്കരണത്തിന്റെ ഭാഗമായി കേന്ദ്രാവിഷ്കൃത പദ്ധതികളായ സ്ട്രെങ്ത്തനിംഗ് ഇൻഫ്രാസ്ട്രക്ചർ ഫോർ ക്വാളിറ്റി ആന്റ് ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ, ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്മെന്റ് പദ്ധതി എന്നിവയിലുൾപ്പെടുത്തി പാൽ പരിശോധനയ്ക്കായി ഇലക്ട്രോണിക് മിൽക്ക് ടെസ്റ്റർ, മിൽക്ക് അനലൈസർ, ലബോറട്ടറി സംവിധാനം മെച്ചപ്പെടുത്തുന്നതിന് സഹായം, പാൽ സംഭരിക്കുന്ന അലുമിനിയം ക്യാൻ മാറ്റി സ്റ്റീൽ ക്യാൻ നൽകുന്ന പദ്ധതി, ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റ്, ബൾക്ക് മിൽക്ക് കൂളർ എന്നിവ സ്ഥാപിക്കുന്നതിനും മിൽമ, ക്ഷീരസംഘങ്ങൾക്ക് ധനസഹായം നൽകിവരുന്നുണ്ട്. |

| | |
|---|---|
| (സി) ഇതിനായി ഏതൊക്കെ ഏജൻസികളിൽ നിന്നും എത്ര വീതം ധനസഹായം ലഭിച്ചു; അതിൽ എന്തു തുക ചെലവഴിച്ചു; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (സി) ക്ഷീരസഹകരണ സംഘങ്ങളുടെ ആധുനിക വൽക്കരണത്തിനായി 2009 10 ലെ വാർഷിക പദ്ധതിയിനത്തിൽ ഉൾപ്പെടുത്തി 60 ലക്ഷം രൂപയും, 2009-10 ലെ ആർ.കെ.വി.വൈ. പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും 47.15 ലക്ഷം രൂപയും, 2007-10 ലെ ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്മെന്റ് പദ്ധതിയ്ക്കായി 19.70 കോടി രൂപയും, സ്ട്രെങ്ത്തനിംഗ് ഇൻഫ്രാസ്ട്രക്ചർ ഫോർ ക്വാളിറ്റി ആന്റ് ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ പദ്ധതിയ്ക്കായി 22.87 കോടി രൂപയും പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 311

16/03/2010 - ൽ മറുപടിക്ക്

## പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധന മൂലമുള്ള വിലക്കയറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. എം. ദിനേശ് മണി :<br>ശ്രീ. എ.സി. മൊയ്തീൻ :<br>ശ്രീ.കെ.കെ. ദിവാകരൻ :<br>ശ്രീ. സി.എച്ച്. കുഞ്ഞമ്പു :<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും, സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| എ) പെട്രോളിൻെറയും ഡീസലിൻെറയും വിലവർദ്ധന സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിക്കുന്നതിന് ഇടയാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;<br><br>ബി) പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധന മൂലമുള്ള വിലക്കയറ്റം എങ്ങനെ നിയന്ത്രിക്കാനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ ; | <u>(എ) യും (ബി) യും</u><br>ഒരു ഉപഭോക്തൃസംസ്ഥാനമായ കേരളത്തിൽ കേന്ദ്രം അടിക്കടി ഉണ്ടാക്കുന്ന പെട്രോളിൻെറയും ഡീസലിൻെറയും വിലവർദ്ധനവ് സംസ്ഥാനത്തെ പൊതുവിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്. എന്നാൽ സംസ്ഥാന സർക്കാരിൻെറ ശക്തമായ കമ്പോള ഇടപെടൽ വഴി വിലകൾ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. തുടർ നടപടികളെന്ന നിലയ്ക്ക് കൂടുതൽ മാവേലി-ശബരി സ്റ്റോറുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതുമാണ്. വിവിധ ജില്ലകളിലെ വില നിലവാരം, സ്റ്റാറ്റിസ്റ്റിക്കൽ വകുപ്പ് തയ്യാറാക്കുന്ന സ്ഥിതി വിവര കണക്കുകൾ, അന്യസംസ്ഥാനങ്ങളിലെ വില നിലവാരം എന്നീ ഘടകങ്ങളെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച് കേരളത്തിലെ കമ്പോളങ്ങളിൽ വിലക്കയറ്റം തടയാൻ അവശ്യമായ സത്വര നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| സി) റേഷൻ അരിയുടെ വില കുറയ്ക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ ;<br>ഡി) റേഷൻ സബ്സിഡി ഇനത്തിൽ കേരളം ചെലവഴിക്കുന്ന തുക നൽകുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ ; വ്യക്തമാക്കുമോ ? | <u>(സി) യും (ഡി) യും</u><br>പ്രത്യേക ക്വാട്ടയായി ഉയർന്ന വിലയ്ക്ക് അനുവദിച്ച അരിയും ഗോതമ്പും റേഷൻ വിലയ്ക്ക് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കമ്പോള ഇടപെടലിനായി സംസ്ഥാന സർക്കാരിന് 250 കോടി രൂപ അനുവദിക്കണമെന്ന് കേന്ദ്ര ഭക്ഷ്യ-സിവിൽ സപ്ളൈസ് മന്ത്രി വിളിച്ച സംസ്ഥാനമന്ത്രിമാരുടെ യോഗത്തിൽ ആവശ്യപ്പെട്ടിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 312 — 16.03.2010-ൽ മറുപടിയ്ക്ക്

### കേന്ദ്ര പദ്ധതികൾ നേടിയെടുക്കുന്നതിന് കൂട്ടായ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം. ആരിഫ്<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. കെ.ടി. ജലീൽ<br>ശ്രീമതി. കെ.കെ. ലതിക<br>ശ്രീ. രാജു എബ്രഹാം | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി ) |
| (എ) ഈ സർക്കാർ വന്നശേഷം കേരളത്തിന്റെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി കേരളത്തിൽ നിന്നുള്ള എം.പി. മാരുടെ എത്ര യോഗങ്ങൾ ചേർന്നു എന്ന് വെളിപ്പെടുത്തുമോ ; | (എ) 10 യോഗങ്ങൾ കൂടുകയുണ്ടായി. |
| (ബി) ഈ യോഗങ്ങളിൽ പലതിലും എം.പി. മാരുടെ പങ്കാളിത്തം കുറവായിരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>(സി) എല്ലാ എം.പി. മാരുടെയും സജീവ പങ്കാളിത്തം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ ; | (ബി) യും (സി) യും<br>മിക്കവാറും എല്ലാ യോഗങ്ങളിലും എം.പി. മാരുടെ സജീവ പങ്കാളിത്തമുണ്ടായിരുന്നു. |
| (ഡി) സംസ്ഥാന സർക്കാർ കേന്ദ്രത്തിനു സമർപ്പിച്ചിട്ടുള്ള പദ്ധതികളിൽ അടിയന്തിര പ്രാധാന്യമുള്ള പദ്ധതികൾ ഏതെല്ലാമാണ് ; | (ഡി) കുട്ടനാട്-ഇടുക്കി പാക്കേജുകൾ, നാളികേര വികസന പദ്ധതികൾ , ഫൂട്ട് ആന്റ് മൗത്ത് ഡിസീസിനുള്ള കേന്ദ്ര സഹായം, പുൽകൃഷി വികസനം, കാലിത്തീറ്റ ഫാക്ടറികൾ സ്ഥാപിക്കൽ, ദേശീയ ജലപാതയ്ക്കുള്ള കേന്ദ്ര സഹായം, കടാശ്വാസ പദ്ധതികൾ, വിവിധ മത്സ്യബന്ധന തുറമുഖങ്ങളുടെ വികസനം, വിഴിഞ്ഞം-വല്ലാർപാടം തുറമുഖങ്ങൾക്ക് ചരക്ക് ഇടനാഴി സ്ഥാപിക്കൽ, പുവാറിൽ കപ്പൽശാല നിർമ്മിക്കൽ, ദേശീയ ഗെയിംസിന്റെ നിർമാണ പ്രവർത്തനങ്ങൾക്ക് |

. . 2

കേന്ദ്ര സഹായം, ഐ.ഐ.ടി. സ്ഥാപിക്കൽ, അലിഗഡ് മുസ്ലീം സർവ്വകലാശാലയുടെ ഓഫ് കാമ്പസ് സ്ഥാപിക്കൽ, നാഷണൽ പോലീസ് മറൈൻ അക്കാഡമി സ്ഥാപിക്കൽ, കൊച്ചിയിൽ എൽ.എൻ.ജി. ടെർമിനൽ സ്ഥാപിക്കൽ, ഗ്യാസ് പൈപ്പ്ലൈൻ പ്രോജക്ട്, കായംകുളം താപവൈദ്യുത നിലയത്തിന്റെ വികസനം, സതേൺ ഗ്യാസ് ഗ്രിഡ് സ്ഥാപിക്കൽ, ദേശീയപാതകൾക്കും ബൈപാസുകൾക്കുമുള്ള കേന്ദ്ര സഹായങ്ങൾ, പ്രകൃതിദുരന്ത ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുള്ള കേന്ദ്രസഹായം, പാലക്കാട്ടെ കോച്ച് ഫാക്ടറി, ചേർത്തലയിലെ വാഗൺ ഫാക്ടറി ഉൾപ്പെടെറയിൽവേയുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾ, മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കൽ, മൃഗസംരക്ഷണ മേഖലയിലെ വിവിധ പദ്ധതികൾ, വിവിധ തുറമുഖങ്ങളുടെ വികസനം, കേരള ഫോറസ്റ്റ് അക്കാഡമി സ്ഥാപിക്കൽ, ആനത്താരി സ്കീം, ഫോറസ്റ്റ് മാനേജ്മെൻറ് സ്കീം, ഡയറ്റുകളുടെ വികസനം സംബന്ധിച്ച പദ്ധതികൾ, കോഴിക്കോട്ടെ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കൽ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പഞ്ചകർമ്മ, ഗവൺമെൻറ് ആയുർവേദ പഞ്ചകർമ്മ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ സ്ഥാപിക്കൽ, പോലീസ് നവീകരണ പദ്ധതികൾ, ജയിൽ നവീകരണ പദ്ധതികൾ, അഗ്നിശമനസേനയുടെ നവീകരണ പദ്ധതികൾ, ലാറീബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് സ്ഥാപിക്കൽ, കൈത്തറി സഹകരണ സംഘങ്ങൾക്ക് ധനസഹായം, ബീഡിതൊഴിലാളി പുനരധിവാസ പദ്ധതി, ന്യൂനപക്ഷ മേഖലകളിൽ ഐ.ടി.ഐ. കൾ സ്ഥാപിക്കൽ, വയനാട ജില്ലയിൽ ഐ.ടി.ഐ. സ്ഥാപിക്കൽ, ഇൻസ്ട്രക്ഷൻ ട്രെയിനിംഗ് വിംഗ് സ്ഥാപിക്കൽ, ട്രേഡ് ടെസ്റ്റുകളും അഡ്മിഷനും കമ്പ്യൂട്ടർവൽക്കരിക്കൽ, ഔദ്യോഗിക ഭാഷാ കമ്മീഷൻ കമ്പ്യൂട്ടർവൽക്കരിക്കൽ, എനർജി മാനേജ്മെൻറ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കൽ, രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി കൂടുതൽ ജില്ലകളിൽ വ്യാപിപ്പിക്കൽ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സസ്റ്റൈനബിൾ കോസ്റ്റൽ സോൺ മാനേജ് മെൻറ് സ്ഥാപി

| | |
|---|---|
| | ക്കൽ, പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾക്ക് കേന്ദ്ര സഹായം ലഭ്യമാക്കൽ, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ സ്ഥാപിക്കൽ, സെന്റർ ഫോർ ട്രെഡീഷണൽ നോളഡ്ജ് ഇൻ ഫുഡ് ആന്റ് മെഡിസിൻ സ്ഥാപിക്കൽ, ക്വാളിറ്റി കൺട്രോൾ ലബോറട്ടറി ഫോർ ഹെർബൽ പ്രോഡക്ട്സ് ആന്റ് ഐ.എസ്.എം. ഡ്രഗ്സ് സ്ഥാപിക്കൽ, ഐ.സി.ഡി.എസ്. പദ്ധതികൾക്ക് കേന്ദ്ര സഹായം നൽകൽ, വിവിധ സാമൂഹ്യക്ഷേമ പദ്ധതികൾക്കുള്ള കേന്ദ്ര സഹായം, വെള്ളപ്പൊക്ക നിവാരണ പദ്ധതികൾക്കുള്ള കേന്ദ്ര സഹായം എന്നിവയാണ് സംസ്ഥാന സർക്കാർ കേന്ദ്രത്തിനു സമർപ്പിച്ചിട്ടുള്ള അടിയന്തിര പ്രാധാന്യമുള്ള പദ്ധതികൾ. |
| (ഇ) ഇവ നേടിയെടുക്കുന്നതിന് എം.പി. മാരുടെ കൂട്ടായ പ്രവർത്തനം പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഇ) നിലവിൽ കൂട്ടായ പ്രവർത്തനം നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം
നമ്പർ :**313**.

16..3..2010-ൽ മറുപടിക്ക്

## "ഹൈടെക് ഡയറി ഫാമുകൾ"

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. തോമസ് ചാഴികാടൻ എം.എൽ.എ.:**<br>**ശ്രീ. റോഷി അഗസ്റ്റിൻ എം.എൽ.എ.:** | **ശ്രീ. സി. ദിവാകരൻ**<br>**ഭക്ഷ്യ-സിവിൽ സപ്ലൈസ്-മൃഗസംരക്ഷണ വകുപ്പ് മന്ത്രി** |
| (എ) സംസ്ഥാനത്ത് ഹൈടെക് ഡയറി ഫാമുകൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം എന്നറിയിക്കുമോ; | (എ) സംസ്ഥാനത്ത് ക്ഷീരവികസന-മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള കേരളാ ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ ആഭിമുഖ്യത്തിൽ, കുളത്തുപ്പുഴ, കോലാഹലമേട്, മാട്ടുപ്പെട്ടി എന്നിവിടങ്ങളിൽ ഹൈടെക് ഡയറി ഫാമുകൾ ആരംഭിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. ഇതിൽ കുളത്തുപ്പുഴ ഹൈടെക് ഡയറി ഫാമിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. |
| (ബി) ഹൈടെക് ഡയറി ഫാമുകളുടെ സവിശേഷതകൾ വ്യക്തമാക്കുമോ; | (ബി) ഹൈടെക് ഡയറി ഫാമുകളിൽ പാൽ കറവ, പശുസംരക്ഷണം, പശുത്തൊഴുത്ത് സംരക്ഷണം, തീറ്റ നൽകൽ എന്നിവ യന്ത്രങ്ങളുടെ സഹായത്തോടെ ശാസ്ത്രീയമായ രീതിയിലാണ് ചെയ്യുന്നത്. ഹൈടെക് ഡയറി ഫാമുകളിൽ പാൽ കറവയന്ത്രം ഉപയോഗിച്ച് കറന്ന് ഉടനടി ശീതീകരിക്കുന്നതിനുള്ള സംവിധാനം ഉള്ളതിനാൽ, പാലിന്റെ സൂക്ഷ്മാണു ഗുണനിലവാരം വളരെ ഉയർന്നതായിരിക്കും. കുളത്തുപ്പുഴ ഹൈടെക് ഡയറി ഫാം സർക്കാർ മേഖലയിലെ ആദ്യത്തെ അത്യാധുനിക ഡയറി ഫാമാണ്. അത്യുല്പാദന ശേഷിയുള്ള ഏകദേശം 200 പശുക്കളെ പരിപാലിക്കാനുള്ള സൗകര്യം ഈ ഫാമിനുണ്ട്. ആട്ടോമാറ്റിക് ഫീഡർ, റ്റി.എം.ആർ. വാഗൺ, ആധുനിക ശുചീകരണ യന്ത്രങ്ങൾ, അത്യാധുനിക കറവ യന്ത്ര സംവിധാനങ്ങൾ തുടങ്ങിയവ ഈ ഫാമിൽ സജ്ജീകരിക്കുന്നതാണ്. |

(സി) പ്രസ്തുത ഫാമുകൾ ക്ഷീരകർഷകർക്ക് എത്രത്തോളം സഹായകരമാകുമെന്ന് വ്യക്തമാക്കുമോ;

(സി) ഹൈടെക് ഡയറി ഫാമിന്റെ സമീപവാസികളായ ക്ഷീരകർഷകരെ ഉൾപ്പെടുത്തി സാറ്റ്ലൈറ്റ് ഡയറി ഫാമുകൾ ആരംഭിക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. അതുവഴി, അത്യുല്പാദന ശേഷിയുള്ള പശുക്കുട്ടികൾ, ഭ്രൂണം, എന്നിവയും ഹൈടെക് ഡയറി ഫാമുകൾ ആരംഭിക്കുന്നതിനാവശ്യമായ സാങ്കേതിക ഉപദേശവും ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നു. ഇവയ്ക്കു പുറമെ, ഹൈടെക് ഡയറി ഫാമിനു വേണ്ടി പാൽ ശീതീകരണി, പാൽ സംഭരണത്തിനുള്ള പുതിയ റൂട്ട് എന്നീ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുമ്പോൾ, ആയതിന്റെ പ്രയോജനം മേൽപ്പടി ഫാമിന്റെ ചുറ്റുവട്ടത്തുള്ള കർഷകർക്ക് ലഭിക്കുന്നതാണ്.

(ഡി) ഹൈടെക് ഡയറി ഫാമുകൾ ആരംഭിക്കുന്നതിന് നടപ്പു സാമ്പത്തിക വർഷം നീക്കിവെച്ച തുകയെത്രയാണ്; ഈ ഇനത്തിൽ കേന്ദ്ര ഗവൺമെന്റിൽ നിന്ന് തുക ലഭ്യമായിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് അറിയിക്കുമോ;

(ഡി) ഹൈടെക് ഡയറി ഫാമുകൾ ആരംഭിക്കുന്നതിനായി സംസ്ഥാന സർക്കാർ 2 കോടി രൂപയും, കേന്ദ്ര സർക്കാർ 6 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിൽ ഒരു കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ നിന്നും, 3 കോടി രൂപ കേന്ദ്ര വിഹിതമായും നിർവ്വഹണ ഏജൻസിയായ കേരളാ ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന് ലഭ്യമായിട്ടുണ്ട്.

(ഇ) ക്ഷീരമേഖലയിലെ പ്രതിസന്ധി കണക്കിലെടുത്ത് കൂടുതൽ ഹൈടെക് ഡയറി ഫാമുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

(ഇ) ക്ഷീരമേഖലയിലെ നിലവിലുള്ള പ്രതിസന്ധി കണക്കിലെടുത്ത് പ്രഖ്യാപിച്ചതിലും കൂടുതൽ ഹൈടെക് ഡയറി ഫാമുകൾ പൊതുമേഖലയിൽ ഒരു പരിധിക്കപ്പുറം സ്ഥാപിക്കുന്നതിന് ഇപ്പോൾ നിർവ്വാഹമില്ല. സ്വകാര്യ സംരഭകർ ഇതിനായി മുന്നോട്ട് വന്നാൽ ഹൈടെക് ഡയറി ഫാമുകൾ സ്ഥാപിക്കുന്നതിന് സർക്കാർ എല്ലാ സഹായ സഹകരണങ്ങളും ലഭ്യമാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 314

16-03-2010 -ൽ മറുപടിയ്ക്ക്

## സ്വർണ്ണത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്താൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എൻ.അനിരുദ്ധൻ :<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :<br>ശ്രീ. രാജാജി മാത്യു തോമസ് :<br>ശ്രീ. കെ.അജിത് : | ശ്രീ. സി.ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| (എ) കേരളത്തിൽ സ്വർണ്ണ വ്യാപാര സ്ഥാപനങ്ങളുടെ അഭൂതപൂർവ്വമായ വളർച്ച ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; അതിനുള്ള കാരണമെന്താണെന്ന് അന്വേഷിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്വർണ്ണ വ്യാപാര സ്ഥാപനങ്ങളുടെ അഭൂതപൂർവ്വമായ വളർച്ചയുടെ കാരണങ്ങളെക്കുറിച്ച് പഠനങ്ങളൊന്നും സർക്കാർ തലത്തിൽ നടത്തിയിട്ടില്ല. |
| (ബി) പ്രസ്തുത സ്ഥാപനങ്ങളിലെ സ്വർണ്ണത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ ഇപ്പോൾ നിലവിലുണ്ടോ ; എങ്കിൽ എന്ത് സംവിധാനമെന്ന് വ്യക്തമാക്കുമോ ; | (ബി) ഉണ്ട്. ഉപഭോക്താക്കൾക്ക് ലീഗൽ മെട്രോളജി വകുപ്പിന്റെ കീഴിൽ എറണാകുളം ജില്ലയിലെ കാക്കനാട് ലീഗൽ മെട്രോളജി ഭവനിൽ പ്രവർത്തിച്ചു വരുന്ന ഗോൾഡ് പ്യൂരിറ്റി ടെസ്റ്റിംഗ് ലാബിൽ സ്വർണ്ണാഭരണങ്ങളുടെ ഗുണമേന്മ പരിശോധിച്ച് ഉറപ്പു വരുത്താവുന്നതാണ്. |
| (സി) പല സ്ഥാപനങ്ങളിലും ഗുണനിലവാരം കുറഞ്ഞ സ്വർണ്ണം വിൽപ്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ ? | (സി) ചില വലിയ സ്വർണ്ണക്കടകൾ തന്നെ ബി.ഐ.എസ് ഹാൾമാർക്കിംഗ്, കേന്ദ്ര ഗവൺമെന്റിന്റെ സ്ഥാപനമായ ബി.ഐ.എസ് ന്റെ അറിവോടെ, സ്വന്തമായി സർട്ടിഫൈ ചെയ്യുന്നു എന്നും ചിലർ റേഡിയോ ആക്ടീവും ആരോഗ്യത്തിന് വളരെ ഹാനികരവുമായ ഇറിഡിയം, റുത്തേനിയം, |

പലേഡിയം പോലുള്ള ലോഹങ്ങൾ സ്വർണ്ണ
ത്തിൽ മായം ചേർക്കുന്നതിനായി ഉപയോഗി
ക്കുന്നു എന്നും ഗോൾഡ് മർച്ചന്റ്സ്
അസോസിയേഷൻ പരാതിപ്പെടുകയും
അതിൽ അടിയന്തിരമായ നടപടികൾ
എടുക്കുന്നതിന് കേന്ദ്ര ഗവൺമെന്റിനും
ലീഗൽ മെട്രോളജി കൺട്രോളർക്കും
നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

V

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 315 — 16.03.2010-ൽ മറുപടിയ്ക്ക്

## ഇക്കോടൂറിസം പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.സി. രാജഗോപാലൻ<br>ശ്രീ. വി.ജെ. തങ്കപ്പൻ<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| എ. ടൂറിസം വകുപ്പുമായി സഹകരിച്ച് എത്ര ഇക്കോടൂറിസം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | എ. ടൂറിസം വകുപ്പിന്റെ ധനസഹായത്തോടെ വനപ്രദേശത്ത് 39 ഇക്കോടൂറിസം പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. |
| ബി. ഇക്കോടൂറിസം പദ്ധതികൾ വനപരിസ്ഥിതിയ്ക്ക് കോട്ടം വരുത്താതിരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | ബി. പങ്കാളിത്ത വനപരിപാലനത്തിന്റെ ഭാഗമായിട്ടാണ് വനപ്രദേശങ്ങളിൽ ഇക്കോടൂറിസം പദ്ധതികൾ നടപ്പാക്കുന്നത്. സന്ദർശകർ നിമിത്തം വനപരിസ്ഥിതിക്ക് ഏൽക്കാവുന്ന മലിനീകരണവും ആഘാതവും നിർമ്മാർജ്ജനം ചെയ്യുന്നതിനായി വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. വനസംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവ തയ്യാറാക്കുന്ന സൂക്ഷ്മാസൂത്രണ രേഖകളുടെ അടിസ്ഥാനത്തിൽ പദ്ധതികൾ നടപ്പാക്കുന്നു. പരിസ്ഥിതി വിദ്യാഭ്യാസം, സന്ദർശകരുടെ സുരക്ഷിതത്വം എന്നിവയ്ക്കായുള്ള സൗകര്യങ്ങൾ മാത്രമേ പദ്ധതിയിൽ ഉൾപ്പെടുത്തുന്നുള്ളൂ. വനമേഖലകളിൽ |

| | | | |
|---|---|---|---|
| | | | കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ കഴിയുന്നതും ഒഴിവാക്കുന്നുണ്ട്. നിലവിലുള്ള |
| സി. | ഇക്കോടൂറിസം പദ്ധതി വനാശ്രിത ജനവിഭാഗത്തിന് എന്തു മാത്രം പ്രയോജനം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | സി. | ഇക്കോടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് വനാശ്രിത സമൂഹങ്ങൾക്ക് തൊഴിൽ ദിനങ്ങൾ ലഭ്യമാകുന്നു. ഓരോ പദ്ധതിയിലും ശരാശരി 10 മുതൽ 25 പേർക്ക് തൊഴിൽ ലഭിക്കുന്നു. ഇതുമൂലം വനാശ്രിത സമൂഹത്തിന്റെ ജീവനോപാധി മെച്ചപ്പെടുന്നതിനാൽ ഇവരുടെ വനാശ്രിതത്വം കുറയുകയും അതുവഴി ജൈവവൈവിധ്യസംരക്ഷണം മെച്ചപ്പെടുകയും ചെയ്യുന്നുണ്ട്. |
| ഡി. | കൂടുതൽ ഇക്കോടൂറിസം പദ്ധതികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | ഡി. | ആകെ 54 പ്രദേശങ്ങളിലാണ് ഇക്കോടൂറിസം പദ്ധതികൾ വിഭാവനം ചെയ്തിട്ടുള്ളത്. ഇപ്പോൾ നടപ്പാക്കിയിട്ടുള്ള 39 സ്ഥലങ്ങൾ ഒഴികെയുള്ളിടങ്ങളിലും പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശ്യമുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 316 — 16.03.2010-ൽ മറുപടിയ്ക്ക്

### ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ സാംസ്കാരിക വിഭാഗം നടത്തുന്ന പ്രവർത്തനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി. ശശികുമാർ<br>ശ്രീ.പി. വിശ്വൻ<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.എം. പ്രകാശൻ മാസ്റ്റർ | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ സാംസ്കാരിക വിഭാഗം നടത്തുന്ന പ്രവർത്തനം വിശദമാക്കുമോ; | (എ) ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ സാംസ്കാരിക വിഭാഗം സ്വന്തമായും വിവിധ സാംസ്കാരിക സംഘടനകളുടെ സഹകരണത്തോടെയും സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്, എല്ലാ ജില്ലകളിലും അവാർഡ് ലഭിച്ച ചലചിത്രങ്ങളുടെ പ്രദർശനം സംഘടിപ്പിക്കുക, ഇന്ത്യൻ പനോരമയിലെ ചിത്രങ്ങൾ തിരുവനന്തപുരത്തും തെരഞ്ഞെടുത്ത ജില്ലാ ആസ്ഥാനങ്ങളിലും പ്രദർശിപ്പിക്കുക, ദേശീയ നാടകോത്സവം, ബംഗാളി അസോസിയേഷന്റെ സഹകരണത്തോടെ ടാഗോർ ജയന്തി ആഘോഷം, വകുപ്പ് നിർമ്മിച്ച വീഡിയോ ചിത്രങ്ങളുടെ മേളകൾ തലസ്ഥാനത്തും ജില്ലകളിലും സംഘടിപ്പിക്കുക, ലോക നാടക ദിനം ആഘോഷിക്കുക, അതത് കാലങ്ങളിൽ യുക്തമെന്ന് തോന്നുന്ന സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുക, അന്തർസംസ്ഥാന സാംസ്കാരിക വിനിമയ പരിപാടികൾ സംഘടിപ്പിക്കുക, ഡൽഹിയിൽ കേരളപ്പിറവി ആഘോഷിക്കുക തുടങ്ങിയവയാണ് ഈ വിഭാഗം നടത്തുന്നത്. |
| (ബി) അന്തർ സംസ്ഥാന സാംസ്കാരിക വിനിമയ പരിപാടി അനുസരിച്ച് എന്തെല്ലാം പരിപാടികൾ കഴിഞ്ഞ | (ബി) 2007 നവംബറിൽ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ സാംസ്കാരിക വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ |

രണ്ടു വർഷ കാലയളവിൽ നടത്തി എന്ന് വ്യക്തമാക്കുമോ;

സാംസ്കാരിക സംഘം ഹിമാചൽപ്രദേശ് സന്ദർശിച്ച് വിവിധ സ്ഥലങ്ങളിൽ സാംസ്കാരിക പരിപാടികൾ അവതരിപ്പിച്ചിരുന്നു. ഹിമാചൽപ്രദേശിൽ നിന്നുള്ള സാംസ്ക്കാരിക സംഘം 2008 ജനുവരിയിൽ പാലക്കാട്, കണ്ണൂർ, ആലപ്പുഴ, തിരുവനന്തപുരം ജില്ലകളിൽ സാംസ്കാരിക പരിപാടികൾ അവതരിപ്പിച്ചിരുന്നു.

(സി) കേരളത്തിന്റെ സാംസ്കാരിക തനിമയും തനത് കലാരൂപങ്ങളും ദേശീയതലത്തിൽ ഉയർത്തിക്കാട്ടുന്നതിനായി പദ്ധതികൾ ആസൂത്രണം ചെയ്യുമോ;

(സി) പരിഗണിക്കുന്നതാണ്.

(ഡി) സംസ്ഥാന രൂപീകരണ ദിനവുമായി ബന്ധപ്പെട്ട് സാംസ്കാരിക വിഭാഗം പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുമോ?

(ഡി) സംസ്ഥാന രൂപീകരണവുമായി ബന്ധപ്പെട്ട്, വകുപ്പിന്റെ സാംസ്കാരിക വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ എല്ലാ ജില്ലകളിലും, ജില്ലാഭരണകൂടവുമായി സഹകരിച്ച് വിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ, പരിപാടികൾ സംഘടിപ്പിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം
നമ്പർ :**317**. 16..3..2010-ൽ മറുപടിക്ക്

### ''ക്ഷീര സഹകരണ സംഘങ്ങൾ ശക്തിപ്പെടുത്തുന്നതിന് നടപടി''

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. സി.കെ.പി. പത്മനാഭൻ എം.എൽ.എ.:**<br>**ശ്രീ. എം.എം. മോനായി എം.എൽ.എ.:**<br>**ശ്രീമതി ജെ. അരുന്ധതി എം.എൽ.എ.:**<br>**ശ്രീ. എം.ജെ. ജേക്കബ് എം.എൽ.എ.:** | **ശ്രീ. സി. ദിവാകരൻ**<br>**ഭക്ഷ്യ-സിവിൽ സപ്ലൈസ്-മൃഗസംരക്ഷണ വകുപ്പ് മന്ത്രി** |
| (എ) ക്ഷീര സഹകരണ സംഘങ്ങൾ ശക്തിപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) ക്ഷീരസഹകരണ സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും ആധുനികവൽക്കരിക്കുന്നതിനുമായി സംസ്ഥാനത്തെ മുഴുവൻ ക്ഷീരസഹകരണ സംഘങ്ങളിലും ഘട്ടംഘട്ടമായി ആട്ടോമേഷൻ നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി സംഘങ്ങളുടെ പാൽ സംഭരണത്തിന് കമ്പ്യൂട്ടറൈസ്ഡ് ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ സ്റ്റേഷൻ സ്ഥാപിക്കുന്നതിനും, ഇതിനായി പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ഇലക്ട്രോണിക് മിൽക്കോ ടെസ്റ്റർ, രാസവസ്തുക്കൾ, ഇലക്ട്രോണിക് ത്രാസ്സുകൾ തുടങ്ങിയവ വാങ്ങുന്നതിനും ധനസഹായം നൽകിവരുന്നു. ഇതുമൂലം കർഷകരിൽ നിന്നുള്ള പാൽ സംഭരണം സുതാര്യവും കുറ്റമറ്റതാകുകയും കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുകയും ചെയ്യുന്നു. ഇതിനുപുറമെ, സംഘങ്ങളിൽ സംഭരിക്കുന്ന പാൽ ശീതീകരിക്കുന്നതിനായി തെരഞ്ഞെടുത്ത സംഘങ്ങളിൽ ബൾക്ക് മിൽക്ക് കൂളറുകൾ സ്ഥാപിക്കുന്നതിനും പാൽ ശേഖരണ മുറികൾ സ്ഥാപിക്കുന്നതിനും ധനസഹായം നൽകി വരുന്നുണ്ട്. പുതുതായി തുടങ്ങുന്ന ക്ഷീര സഹകരണ സംഘങ്ങൾക്ക് പ്രവർത്തനാരംഭ ധനസഹായവും, പ്രവർത്തനം നിലച്ചുപോയ സംഘങ്ങൾക്ക് പുനരുദ്ധാരണ ധനസഹായവും ലഭ്യമാക്കുന്നു. മാത്രമല്ല, ക്ഷീരസഹകരണ സംഘം ജീവനക്കാരുടെയും ഭരണ സമിതി അംഗങ്ങളുടെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് കാലാകാലങ്ങളിൽ ആവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ട്. മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ കേന്ദ്രാവിഷ്കൃത പദ്ധതികളായ ഇന്റൻസീവ് ഡെയറി |

ഡെവലപ്മെന്റ് പ്രോഗ്രാം, പാലിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ക്ലീൻ മിൽക്ക് പ്രോഗ്രാം, പ്രത്യേക ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെ കരണസംഘം ജീവനക്കാർക്ക് ഏകീകൃത സ്റ്റാഫ് പാറ്റേണും സേവന വേതന വ്യവസ്ഥകളും നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുക വഴി ക്ഷീരസഹകരണ സംഘങ്ങൾ ശക്തിപ്പെടുത്തുവാൻ സഹായകരമായിട്ടുണ്ട്. ഈ സർക്കാർ വന്ന ശേഷം നാളിതുവരെ 176 ക്ഷീരസംഘങ്ങൾ പുതുതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ക്ഷീര സഹകരണ സംഘങ്ങളോടനുബന്ധിച്ച് പാൽ സംസ്കരണ യൂണിറ്റുകൾ ആരംഭിക്കാൻ ധനസഹായം നൽകുമോ;

(ബി) ക്ഷീര സഹകരണ സംഘങ്ങളോടനുബന്ധിച്ച് പാൽ സംസ്കരണ യൂണിറ്റുകൾ ആരംഭിക്കാൻ ധനസഹായം നൽകുന്നുണ്ട്.

(സി) കഴിഞ്ഞ വർഷം എത്ര ക്ഷീര സഹകരണ സംഘങ്ങൾ പുതുതായി ആരംഭിച്ചു എന്നു വെളിപ്പെടുത്തുമോ;

(സി) 2008-2009 വർഷം 59 ക്ഷീരസംഘങ്ങൾ പുതുതായി ആരംഭിച്ചിട്ടുണ്ട്.

(ഡി) വനിതാ ക്ഷീരോൽപന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഇ) വനിതാ ക്ഷീരോൽപന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വെളിപ്പെടുത്തുമോ?

(ഡി) & (ഇ) 12..9..1995-ലെ ജി.ഒ.(എം.എസ്) 317/95/എ.ഡി. നമ്പർ ഉത്തരവ് പ്രകാരം തൊഴിൽരഹിതരായ യുവാക്കൾക്ക്, പ്രത്യേകിച്ചും വനിതകൾക്ക് തൊഴിൽ ലഭിക്കുന്നതിനു വേണ്ടി പതിനഞ്ചിന പരിപാടിയിൽ ഉൾപ്പെടുത്തി ക്ഷീരോല്പന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകി ഉത്തരവായിരുന്നു. പ്രസ്തുത പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു:-

1) 6000 വനിതകൾക്ക് ഒരു യൂണിറ്റിൽ 4 പേർ വീതം പ്രവർത്തിക്കുന്ന 1500 തദ്ദേശീയ ക്ഷീരോല്പന്ന ശൃംഖലകളുടെ യൂണിറ്റുകൾ ആരംഭിക്കുക.

2) പ്രതിവർഷം 7000 മെട്രിക് ടൺ പാലിൽ നിന്നും 2100 മെട്രിക് ടൺ തദ്ദേശീയമായി പാലുല്പന്നങ്ങൾ നിർമ്മിക്കുക.

3) നിലവാരമുള്ള ക്ഷീരോല്പന്നങ്ങൾ വഴി തദ്ദേശീയരുടെ പോഷകാഹാര നിലവാരം ഉയർത്തുക.

4) ദേശീയ അന്തർ ദേശീയ സ്ഥാപനങ്ങളുടെ ക്ഷീരോല്പന്നങ്ങൾ വാങ്ങുന്നതിന് ചെലവാക്കുന്ന തുകയുടെ നല്ലൊരു പങ്ക് സംസ്ഥാനത്ത് ഈ പദ്ധതി വഴി നിർമ്മിക്കുന്ന ഉല്പന്നങ്ങൾക്കു വേണ്ടി ചെലവഴിക്കുന്ന സാഹചര്യം സൃഷ്ടിക്കുക.

5) മേല്പറഞ്ഞ ക്ഷീരോല്പന്നങ്ങൾ വില്ക്കുന്നതിനായി ജില്ലാതല വില്പന കേന്ദ്രങ്ങൾ സ്ഥാപിക്കുക.

ആരംഭകാലത്ത് നല്ല രീതിയിൽ പ്രവർത്തിച്ചിരുന്ന പ്രസ്തുത യൂണിറ്റുകൾ വിവിധ കാരണങ്ങളാൽ ഭൂരിപക്ഷവും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഈ പദ്ധതി ഇപ്പോൾ നടപ്പിലാക്കുന്നില്ലായെങ്കിലും ഭാവിയിൽ വീണ്ടും പുനരാരംഭിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം: * 318

16.3.2010 - ൽ മറുപടിയ്ക്ക്

## വി.രാമചന്ദ്രൻ കമ്മിറ്റി റിപ്പോർട്ട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ: അബ്ദു റഹിമാൻ രണ്ടത്താണി<br>ശ്രീ. പി.കെ.അബ്ദുറബ്ബ് | | ശ്രീ. വി. എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) | |
| എ) | പദ്ധതി നിർവ്വഹണത്തിന് മേൽനോട്ടം വഹിക്കാനും കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് മികച്ച റിപ്പോർട്ട് തയ്യാറാക്കുവാനും പ്രത്യേക സംഘത്തെ ചുമതലപ്പെടുത്തണമെന്നുള്ള വി.രാമചന്ദ്രൻ കമ്മിറ്റി റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; | എ) | ലഭിച്ചിട്ടുണ്ട്. |
| ബി) | പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനായി റിപ്പോർട്ടിൽ പ്രധാനമായും എത്ര ശുപാർശകളാണ് ഉള്ളത്. | ബി) | പ്രസ്തുത റിപ്പോർട്ട്സർക്കാർ പരിശോധിച്ചു വരുന്നതേയുള്ളൂ അതിന്മേൽ സ്വീകരിക്കേണ്ടുന്ന നടപടികൾസംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല. |
| സി) | പദ്ധതി വിഹിതത്തിൻെറ പകുതിയിലധികം അവസാനത്തെ രണ്ടു മാസങ്ങളിൽ ധൃതി പിടിച്ചു ചെലവഴിക്കുന്ന രീതിക്ക് മാറ്റം കുറിക്കാൻ സർക്കാർ എന്തൊക്കെ പ്രത്യേക നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ; | സി) | 12.6.2009 - ലെ 49/09/ധന നമ്പർ സർക്കുലർ പ്രകാരം ഓരോ സാമ്പത്തിക വർഷത്തിൻെറയും അവസാന പാദത്തിൽ വർദ്ധിതമായി പദ്ധതി വിഹിതം വിനിയോഗിക്കുന്നത് ഒഴിവാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പടെയുള്ള എല്ലാ വകുപ്പുകളിലും കാര്യക്ഷമമായി പദ്ധതി വിഹിതം വിനിയോഗിക്കുമെന്ന് ഉറപ്പുവരുത്തുന്നതിനുമായി സർക്കാർനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

ഇതനുസരിച്ച് പദ്ധതി വിഹിത വിനിയോഗത്തിനുള്ള പാദവാർഷിക ലക്ഷ്യം നിർണ്ണയിച്ചു നൽകിയിട്ടുണ്ട്. കൂടാതെ മാർച്ചിലെ പദ്ധതി വിനിയോഗം പദ്ധതിയടങ്കലിന്റെ 10% ആയി നിജപ്പെടുത്തിയിട്ടുണ്ട്. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 3 കോടി രൂപ വരെ വിഹിതമുള്ള പദ്ധതികൾക്ക് അംഗീകാരം നൽകാനുള്ള അധികാരം വർക്കിംഗ് ഗ്രൂപ്പുകൾക്ക് നൽകിയിട്ടുണ്ട്. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ വിളിച്ചു ചേർക്കുന്ന യോഗങ്ങളിൽ വാർഷിക പദ്ധതി നടപ്പാക്കുന്നതിൽ സർക്കാർ വകുപ്പുകൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ചർച്ച ചെയ്യുകയും പോരായ്മകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ നിർദ്ദേശിക്കുകയും ചെയ്യുന്നുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായും ഫലപ്രദമായും പൂർത്തീകരിക്കുന്നതുറപ്പു വരുത്തുവാനായി ഒരു ഓൺലൈൻ പദ്ധതി മോണിട്ടറിംഗ് സംവിധാനവും ആവിഷ്ക്കരിച്ചിട്ടുണ്ട്.

സാമ്പത്തിക വർഷത്തിന്റെ അവസാന മാസം ട്രഷറികളിൽ നിന്നും മുൻകൂറായി പണം പിൻവലിച്ചു പദ്ധതി ചെലവായി കാണിക്കുന്ന പ്രവണത ഒഴിവാക്കാനായിമാർച്ച് മാസം മുൻകൂറായി പണം പിൻവലിക്കുന്ന കാര്യത്തിൽ നിയന്ത്രണമേർപ്പെടുത്തി എല്ലാ വകുപ്പുകൾക്കും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കും നിർദ്ദേശവും നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| ഡി) | പദ്ധതി നിർവ്വഹണത്തിന്റെ മേൽനോട്ടത്തിനും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുമുള്ള റിപ്പോർട്ട് തയ്യാറാക്കാനും നിലവിൽ അവലം | ഡി) | പദ്ധതി നിർവ്വഹണത്തിന്റെ മേൽനോട്ടത്തിന്റെ ഭാഗമായി മുഖ്യമന്ത്രി, സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ, ചീഫ്സെക്രട്ടറി എന്നീ വിവിധ തലങ്ങളിൽ പദ്ധതി അവലോകനം |

ബിച്ചു വരുന്ന രീതി എന്താണ്; വിശദാംശം നൽകുമോ?

നടന്നുവരുന്നുണ്ട്. പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കാൻ ചീഫ് സെക്രട്ടറി മാസംതോറും വിളിച്ച് ചേർക്കുന്ന യോഗങ്ങളിൽ വകുപ്പ് സെക്രട്ടറിമാർക്കും വകുപ്പുതലവന്മാർക്കും ആവശ്യം വേണ്ട നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ കീഴിലുള്ള സി.പി.എം.യൂണിറ്റ് പദ്ധതികളുടെ അവലോകന റിപ്പോർട്ട് തയ്യാറാക്കുന്നതോടൊപ്പം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ റിപ്പോർട്ടും തയ്യാറാക്കി വരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 31 9

16/03/2010 - ൽ
മറുപടിക്ക്

## പെട്രോളിയം ഡീസൽ വിലവർദ്ധന

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി.എസ്. സുനിൽ കുമാർ :<br>ശ്രീ. എൻ. രാജൻ :<br>ശ്രീ. രാജാജി മാത്യു തോമസ് :<br>ശ്രീ. ബാബു പോൾ : | | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br><br>(ബഹു. മുഖ്യമന്ത്രി) |
| എ) പെട്രോൾ-ഡീസൽ എന്നിവയുടെ ഇപ്പോഴുണ്ടായിരിക്കുന്ന വില വർദ്ധന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) വിവിധ മേഖലകളിൽ ഇതു മൂലമുണ്ടാകുന്ന അവസ്ഥയെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ ;<br><br>സി) ഈ സാഹചര്യത്തിൽ ജനങ്ങളെ സഹായിക്കുന്നതിന് എന്തെങ്കിലും നടപടികൾ ആലോചിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ? | | (ബി) യും (സി) യും<br><br>പെട്രോൾ-ഡീസൽ എന്നിവയുടെ വില വർദ്ധനവു മൂലം പൊതു വിപണിയിൽ അവശ്യ വസ്തുക്കൾക്ക് ഉണ്ടാകുന്ന വില വർദ്ധന സിവിൽ സപ്ളൈസ് വകുപ്പ് നിരീക്ഷിച്ചു വരികയാണ്. വിവിധ ജില്ലകളിലെ വില നിലവാരം സ്റ്റാറ്റിസ്റ്റിക്കൽ വകുപ്പ് തയ്യാറാക്കുന്ന സ്ഥിതി വിവര കണക്കുകൾ, അന്യസംസ്ഥാനങ്ങളിലെ വിലനിലവാരം എന്നീ ഘടകങ്ങളെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച് കേരളത്തിലെ കമ്പോളങ്ങളിൽ വിലക്കയറ്റം തടയാൻ ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുന്നു. തുടർനടപടികളുടെ ഭാഗമായി കൂടുതൽ മാവേലി/ശബരി സ്റ്റോറുകൾ തുറന്നു പ്രവർത്തനം ആരംഭിക്കുന്നതാണ്. ഇതിനായി നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ കമ്പോള ഇടപെടലിനായി തുടക്കത്തിൽ 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് 35ലക്ഷം കാർഡുടമകൾക്ക് രണ്ട് രൂപയ്ക്ക് അരി നൽകാനുള്ള ചെലവായ 500 കോടി രൂപയ്ക്ക് പുറമേയാണ്. കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും നടത്തി കൃത്രിമക്ഷാമം സൃഷ്ടിച്ച് അവശ്യ വസ്തുക്കൾക്ക് വില വർദ്ധിപ്പിക്കുന്നതിനെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചു വരികയാണ്. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലേക്ക് അന്യസംസ്ഥാനങ്ങളിൽ നിന്നും |

അവശ്യ വസ്തുക്കൾകൊണ്ടുവരുന്നതിനുള്ള എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. പൊതു വിപണിയിലെ കച്ചവട സ്ഥാപനങ്ങളിൽ സ്റ്റോക്കും വിലയും പ്രദർശിപ്പിക്കുന്നത് നിർബന്ധമാക്കിക്കൊണ്ടുള്ള വിവിധ നിയന്ത്രണ ഉത്തരവുകളിലെ വകുപ്പുകൾ കർശനമായും ഫലപ്രദമായും നടപ്പിലാക്കി വരുന്നു. സർക്കാരിൻെറ കമ്പോള ഇടപെടലിൻെറ ഭാഗമായി അരിയും പലവ്യഞ്ജനങ്ങളും സിവിൽ സപ്ളൈസ് കോർപ്പറേഷൻെറ വിപണന ശാലകളിലൂടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്നു. 13 രൂപയ്ക്ക് സപ്ളൈകോ വിൽപനശാലകളിലൂടെ അരി വിതരണം തുടരുന്നു. കേരളത്തിലെ ഒരു കോടയിലധികം ജനങ്ങൾ സപ്ളൈകോ വിപണന ശാലകളിലൂടെ സാധനങ്ങൾ വാങ്ങുന്നു. ഇപ്രകാരം സംസ്ഥാന സർക്കാർ സംവിധാനങ്ങൾ ഗൗരവത്തോടെ പ്രവർത്തിപ്പിക്കുന്നതിലൂടെ ന്യായ വിലയ്ക്ക് അവശ്യ സാധനങ്ങൾ ലഭ്യമാക്കി ജനങ്ങൾക്ക് ആശ്വാസം എത്തിക്കുവാൻ കഴിയുന്നുണ്ട്.

സഹകരണ വകുപ്പ്, കൺസ്യൂമർഫെഡിൻെറ ആഭിമുഖ്യത്തിൽ മൂവായിരത്തിഅഞ്ഞൂറോളം സഹകരണ വിലക്കയറ്റ വിരുദ്ധ ചന്തകൾ, ഈസ്റ്റർ-വിഷു ആഘോഷങ്ങളോട് അനുബന്ധിച്ച് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പൊതു വിപണിയേക്കാൾ 15% മുതൽ 60% വരെ വിലകുറച്ച് 32 ഇനം നിത്യോപയോഗ സാധനങ്ങൾ ഈ കേന്ദ്രങ്ങളിൽ നിന്ന് റേഷൻ കാർഡ് ഉടമകൾക്ക് ലഭിക്കുന്നതാണ്. ജയ അരി കിലോഗ്രാമിന് 14 രൂപയ്ക്കും പഞ്ചസാര കിലോഗ്രാമിന് 20 രൂപയ്ക്കും നൽകുന്നതാണ്. ഒരു കാർഡുടമക്ക് ഒരാഴ്ച 5 കിലോ അരിയും ഒരു കിലോ പഞ്ചസാരയും നൽകുന്നതാണ്.

കൃഷി വകുപ്പ്, ഉൽപ്പാദന കേന്ദ്രങ്ങളിൽ നിന്നും നേരിട്ട് പച്ചക്കറി വാങ്ങി ഹോർട്ടികോർപ്പ് മുഖാന്തിരം വിതരണം ചെയ്തും ജനങ്ങൾക്ക് ആശ്വാസം നൽകി വരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 320 | 16.03.2010-ൽ മറുപടിയ്ക്ക്

## സൈലന്റ് വാലി രജത ജൂബിലി

*ചോദ്യം*

ശ്രീ. എം. ഹംസ
ശ്രീ. എം. ചന്ദ്രൻ
ശ്രീ. വി. ചെന്താമരാക്ഷൻ
ശ്രീ. കെ.കെ. ദിവാകരൻ
ശ്രീമതി. കെ.എസ്. സലീഖ

*ഉത്തരം*

ശ്രീ. ബിനോയ് വിശ്വം
(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

എ. സൈലന്റ് വാലി രജതജൂബിലി യോടനുബന്ധിച്ച് നടത്തിയ പരിപാടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ;

എ. സൈലന്റ് വാലി രജതജൂബിലിയോടനുബന്ധിച്ച് താഴെ പറയുന്ന പരിപാടികൾ നടപ്പിലാക്കുകയുണ്ടായി.

1. സൈലന്റ് വാലിയുടെ ജൈവവൈവിധ്യത്തെ കുറിച്ചുള്ള സഞ്ചരിക്കുന്ന ഫോട്ടോ പ്രദർശനം എല്ലാ ജില്ലകളിലും നടത്തി.

2. കേന്ദ്ര വനം വകുപ്പ് മന്ത്രി, കേരള വനം വകുപ്പ് മന്ത്രി, കേരള വിദ്യുത്ച്ഛക്തി വകുപ്പു മന്ത്രി തുടങ്ങിയ പ്രമുഖ വ്യക്തികളെ ഉൾപ്പെടുത്തിക്കൊണ്ട് 21.11.2009 ന് പാലക്കാട് മുണ്ടൂരിൽ രജതജൂബിലി സമ്മേളനത്തിന്റെ ഉദ്ഘാടനവും തുടർന്ന് ഒരു ദേശീയ സെമിനാറും നടത്തി.

3. മേൽപ്പറഞ്ഞ സമ്മേളനത്തിൽ വെച്ച് സൈലന്റ് വാലി നാഷണൽ പാർക്ക് സാക്ഷാത്കരിക്കുന്നതിനായി പ്രയത്നിച്ച മഹത് വ്യക്തികളെ ഒരു സ്മരണിക നൽകി ആദരിച്ചു.

4. സൈലന്റ് വാലി ദേശീയ പാർക്കിന്റെ രജതജൂബിലി സ്മരണയ്ക്കായി പോസ്റ്റൽ വകുപ്പ് പുറത്തിറക്കിയ സ്റ്റാമ്പിന്റെയും, ഫസ്റ്റ് ഡേ കവറിന്റെയും പ്രകാശനം ബഹു. കേന്ദ്ര വനം പരിസ്ഥിതി മന്ത്രിക്ക് നൽകിക്കൊണ്ട് നോർത്തേൺ റീജ്യൺ പോസ്റ്റ് മാസ്റ്റർ ജനറൽ ശ്രീമതി. ഹിൽഡാ എബ്രഹാം നിർവ്വഹിച്ചു.

5. സൈലന്റ് വാലിയുടെ പ്രവേശന കവാടമായ മുക്കാലിയിലെ മോഡൽ റസിഡൻഷ്യൽ ട്രൈബൽ സ്കൂളിൽ 22.11.2009 ൽ ഒരു പൊതു സമ്മേളനം സംഘടിപ്പിക്കുകയും പ്രസ്തുത സമ്മേളനം ബഹു. വനം വകുപ്പ് മന്ത്രി ഉദ്ഘാടനം ചെയ്യുകയും ചെയ്തു. പ്രസ്തുത സമ്മേളനത്തിൽ പാലക്കാട് ജില്ലയിലെ പ്രകൃതി സ്നേഹികളായ ആയിരക്കണക്കിനാളുകൾ പങ്കെടുത്തു.

| | | | |
|---|---|---|---|
| ബി. | സൈലന്റ് വാലിയുടെ ബഫർസോൺ സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | **ബി.** | ഉണ്ട്. ബഫർ സോണിൽപ്പെട്ട സ്ഥലങ്ങൾ സർവ്വെ ചെയ്ത് വനാതിർത്തിയിൽ ജണ്ട ഇട്ട് സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി. | സൈലന്റ് വാലി ദേശീയോദ്യാനത്തോടനുബന്ധിച്ച് അന്താരാഷ്ട്ര നിലവാരമുള്ള ഒരു ജൈവവൈവിധ്യ ഗവേഷണ കേന്ദ്രം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | **സി.** | ഉണ്ട്. |
| ഡി. | എങ്കിൽ വിശദാംശം നൽകുമോ ; | **ഡി.** | പാലക്കാട് ജില്ലയിൽ ഇന്ദിരാഗാന്ധി ബയോഡൈവേഴ്സിറ്റി കൺസർവേഷൻ (റിസർച്ച് ആന്റ് മോണിറ്ററിങ്) സെന്റർ എന്ന പേരിൽ അന്താരാഷ്ട്ര നിലവാരമുള്ള ഒരു ജൈവ വൈവിധ്യ ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതു സംബന്ധിച്ച് 10.64 കോടി |

| | | | |
|---|---|---|---|
| | | | രൂപ ചിലവ് വരുന്ന ഒരു പദ്ധതി തയ്യാറാക്കി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| ഇ. | പദ്ധതിക്ക് കേന്ദ്രസഹായം ലഭിക്കുമോ എന്ന് വെളിപ്പെടുത്തുമോ ? | ഇ. | പദ്ധതി ചെലവിന് 2 ഗഡുക്കളായി മൊത്തം 10 കോടി രൂപ നൽകാമെന്ന് ബഹു. കേന്ദ്ര വനം പരിസ്ഥിതി വകുപ്പ് മന്ത്രി അദ്ദേഹത്തിന്റെ ഉദ്ഘാടന പ്രസംഗത്തിൽ സൂചിപ്പിച്ചു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 321

16-03-2010 -ൽ മറുപടിയ്ക്ക്

ഉപഭോക്താക്കളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സാജുപോൾ :<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ :<br>ശ്രീമതി. ജെ.അരുന്ധതി :<br>ശ്രീ. സി.എച്ച്.കുഞ്ഞമ്പു :<br>ശ്രീ. പി.ടി.എ.റഹീം : | ശ്രീ. സി.ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| (എ) ഉപഭോക്താക്കളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) ഉപഭോക്താക്കളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി സംസ്ഥാനത്തെ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലെയും ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലേയും ഒഴിവുകൾ നികത്തി പ്രവർത്തനം കാര്യക്ഷമമാക്കി. ഉപഭോക്താക്കളിൽ അവബോധം സൃഷ്ടിച്ച് അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് പ്രാപ്തരാക്കുന്നതിനായി ലഘു ലേഖകൾ വിതരണം ചെയ്യുക, ഉപഭോക്തൃ ദിനങ്ങൾ ആചരിക്കുക, പൊതുയോഗങ്ങൾ, സെമിനാറുകൾ, ചർച്ചാ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുക തുടങ്ങി വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. എല്ലാ ജില്ലകളിലും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ പൊതുവായ ഉപഭോക്തൃ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി ജില്ലാ കൺസ്യൂമർ പ്രൊട്ടക്ഷൻ കൗൺസിലുകൾ നിലവിലുണ്ട്. കൂടാതെ ഉപഭോക്താക്കളുടെ സംശയ നിവാരണത്തിനും പരാതികൾക്ക് ഫോറങ്ങൾക്ക് പുറത്ത് പരിഹാരം |

കാണുന്നതിനുമായി 24 മണിക്കൂറും 1800 425 1550 എന്ന ടോൾ ഫ്രീ ടെലിഫോൺ നമ്പരിൽ പ്രവർത്തിക്കുന്ന കൺസ്യൂമർ ഹെൽപ്പ് ലൈൻ നിലവിലുണ്ട്.

ഉപഭോക്താക്കൾക്കിടയിൽ ശക്തമായ ഒരു ഉപഭോക്തൃ സംസ്കാരം വളർത്തിക്കൊണ്ടു വരുക എന്ന ലക്ഷ്യത്തോടെ സന്നദ്ധ ഉപഭോക്തൃ സംഘടനകളുടെ പ്രവർത്തനത്തിനും സർക്കാർ എല്ലാവിധ പ്രോത്സാഹനവും നൽകുന്നുണ്ട്.

(ബി) ഉപഭോക്തൃ കമ്മീഷനിലും ജില്ലാ ഫോറങ്ങളിലും ഇപ്പോൾ എത്ര ഉപഭോക്താക്കളുടെ പരാതികൾ കൈകാര്യം ചെയ്യുന്നു എന്ന് വെളിപ്പെടുത്തുമോ ;

(ബി) 28-02-2010 -ലെ കണക്കനുസരിച്ച് സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിൽ 1919 കേസുകളും 14 ജില്ലാ ഫോറങ്ങളിലുമായി 8118 കേസുകളും നിലവിലുണ്ട്. 31-12-2009 -ൽ ആകെ 10,323 കേസ്സുകൾ ഉണ്ടായിരുന്നു.

(സി) ഉപഭോക്തൃ സംസ്കാരം വളർത്തിയെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) സംസ്ഥാനത്ത് ഉപഭോക്തൃ സംസ്കാരം വളർത്തിയെടുക്കുന്നതിന് മതിയായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. തുടരുന്നതാണ്.

(ഡി) എത്ര സ്കൂളുകളിൽ കൺസ്യൂമർ ക്ളബുകൾ പ്രവർത്തിക്കുന്നുണ്ടെന്നും പ്രസ്തുത ക്ളബുകളുടെ പ്രവർത്തന രീതിയും വിശദമാക്കുമോ ;

(ഡി) സംസ്ഥാനത്ത് 100 സ്കൂളുകളിലാണ് കൺസ്യൂമർ ക്ളബുകൾ തുടങ്ങാൻ തീരുമാനിച്ചത്. ഇതിൽ 76 സ്കൂളുകളിൽ കൺസ്യൂമർ ക്ളബുകൾ പ്രവർത്തിച്ചു വരുന്നു. 24 സ്കൂളുകളിൽ ക്ളബുകൾ തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കൺസ്യൂമർ ക്ളബുകളുടെ പ്രവർത്തനത്തിനായി തെരഞ്ഞെടുക്കപ്പെടുന്ന സ്കൂളുകളിൽ നിന്ന് ഒരു ടീച്ചർ ഗൈഡി

നേയും ഒരു മാനേജിംഗ് കമ്മറ്റിയേയും തെരഞ്ഞെടുക്കുന്നു. ഈ ടീച്ചർ ഗൈയ്ഡിനും മാനേജിംഗ് കമ്മിറ്റിയിലെ അംഗങ്ങൾക്കും സന്നദ്ധ ഉപഭോക്തൃ സംഘടനകളുടെ നേതൃത്വത്തിൽ ഉപഭോക്തൃ വിഷയങ്ങളിൽ വിദഗ്ദരെകൊണ്ട് ആദ്യം പരിശീലനം നൽകുന്നു. പരിശീലനം ലഭിച്ച ടീച്ചർ ഗൈയ്ഡാണ് ക്ളബിലെ വിദ്യാർത്ഥികൾക്ക് ഉപഭോക്തൃ കാര്യങ്ങൾക്ക് പരിശീലനം നൽകുന്നത്. കൂടാതെ വിദഗ്ദരായ ആൾക്കാരെകൊണ്ട് ക്ളബിലെ വിദ്യാർത്ഥികൾക്ക് നേരിട്ടും പരിശീലനം നൽകുന്നു. സർക്കാർ അനുവദിക്കുന്ന സാമ്പത്തിക സഹായത്തോടെ പ്രവർത്തനം ആരംഭിക്കുന്ന ക്ളബ് പിന്നീട് വിദ്യാർത്ഥികളിൽ നിന്ന് ഒരു രൂപ വച്ച് പിരിച്ചെടുക്കുന്ന തുക ഉപയോഗിച്ചാണ് പ്രവർത്തനം തുടരുന്നത്. കൂടാതെ ഉപഭോക്തൃ കാര്യവുമായി ബന്ധപ്പെട്ട വിഷയത്തെക്കുറിച്ച് എക്സിബിഷൻ /ബോധവൽക്കരണ ജാഥകൾ / തെരുവു നാടകങ്ങൾ തുടങ്ങിയവയും സംഘടിപ്പിക്കാറുണ്ട്.

(ഇ) ഉപഭോക്തൃ കോടതികൾക്ക് സ്വന്തം കെട്ടിടങ്ങൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ?

(ഇ) സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും, 3 ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങൾക്കും ഇപ്പോൾതന്നെ സ്വന്തമായി കെട്ടിടം ഉണ്ട്. ബാക്കി 11 ജില്ലാ ഫോറങ്ങൾക്കുമുള്ള സ്വന്തം കെട്ടിടങ്ങളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 322 — 16.03.2010-ൽ മറുപടിയ്ക്ക്

**ചന്ദനമരങ്ങൾ സംരക്ഷിക്കുന്നതിനുള്ള പ്രത്യേക നിയമ നിർമ്മാണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. എം. ഹംസ<br>ശ്രീമതി കെ.എസ്. സലീഖ | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| എ. ചന്ദനമരങ്ങൾ സംരക്ഷിക്കുന്നതിനുള്ള പ്രത്യേക നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; | എ. ചന്ദനമരങ്ങൾ സംരക്ഷിക്കുന്നതിനായി 1961 - ലെ കേരളാ വന നിയമത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള ബിൽ (Amendment Bill No. 200/2008) 2.7.08 ലെ 3731/Leg B3/08/Leg [Gazette Extra Ordinary No. 1402] പ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഭേദഗതി നിയമമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി. പൊതുമേഖലയിൽ ചന്ദന ഫാക്ടറി തുടങ്ങുന്ന കാര്യം പരിഗണിക്കുമോ; | ബി. പൊതുമേഖലയിൽ കേരളാ വനം വികസന കോർപ്പറേഷന്റെ കീഴിൽ മറയൂരിൽ ഒരു ചന്ദന ഫാക്ടറി ആരംഭിക്കുന്ന കാര്യം സജീവ പരിഗണനയിലാണ്. |
| സി. ചന്ദനമര സംരക്ഷണം നടത്തുന്ന ജീവനക്കാർക്ക് പ്രത്യേക അലവൻസുകളോ ശമ്പള വർദ്ധനവോ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | സി. മറയൂർ ചന്ദന ഡിവിഷനിലെയും, ചിന്നാർ വന്യജീവി സങ്കേതത്തിലെയും സംരക്ഷണ വിഭാഗം ജീവനക്കാർക്ക് സ്പെഷ്യൽ അലവൻസ് അനുവദിച്ചിട്ടുണ്ട്. 22.12.2009 ലെ സർക്കാർ ഉത്തരവ് നം. ജി.ഒ. (ആർ.റ്റി.) 581/2009/വനം പ്രകാരം 1.12.2009 മുതൽ ഡെപ്യൂട്ടി റെയിഞ്ചർ, ഫോറസ്റ്റർ, ഫോറസ്റ്റ് ഗാർഡ്/വാച്ചർ, ഡ്രൈവർ എന്നിവർക്ക് അവരുടെ അടിസ്ഥാന ശമ്പളത്തിന്റെ 15 ശതമാനമാണ് സ്പെഷ്യൽ അലവൻസായി നൽകാൻ ഉത്തരവായിട്ടുള്ളത്. |

| | |
|---|---|
| ഡി. ചന്ദന മേഖലയിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിഗണന നൽകി അവർ ആവശ്യപ്പെടുന്ന സ്ഥലത്തേക്ക് സ്ഥലംമാറ്റം നൽകുമോ ? | ഡി മറയൂർ, ചിന്നാർ ചന്ദനമേഖലകളിൽ സേവനമനുഷ്ഠിക്കുന്ന വനസംരക്ഷണ ജീവനക്കാർക്ക്, അവർ അവിടെ ഒരു വർഷം കാലാവധി പൂർത്തിയാക്കി സ്ഥലംമാറ്റത്തിന് അപേക്ഷ നൽകുമ്പോൾ പ്രത്യേക പരിഗണന നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 323 — 16.03.2010-ൽ മറുപടിക്ക്

## വനവിഭവങ്ങളുടെ വിപണനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. ടി.പി. കുഞ്ഞുണ്ണി<br>ശ്രീ. വി.എൻ. വാസവൻ<br>ശ്രീ. പി. വിശ്വൻ<br>ശ്രീ. എ.എം. യൂസഫ് | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| എ. സംസ്ഥാനത്തെ വനങ്ങളിൽ നിന്നും ഇപ്പോൾ ലഭിക്കുന്ന വനോൽപന്നങ്ങൾ എന്തെല്ലാമാണ്; | എ. സംസ്ഥാനത്തെ വനങ്ങളിൽ നിന്നും വിവിധ ഇനം തടികളും, തടിയേതര വനവിഭവങ്ങളായ മുള, ഈറ്റ, ചൂരൽ, ഔഷധ സസ്യങ്ങൾ ഉൾപ്പെടെയുള്ള ചെറുകിട വിഭവങ്ങൾ എന്നിവ ലഭിക്കുന്നുണ്ട്. |
| ബി. വനോൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള സംവിധാനമെന്താണ്; | ബി. വനം വകുപ്പിന്റെ വിവിധ വനവൃക്ഷ തോട്ടങ്ങളിലുള്ള തടികളും, മറ്റ് വനങ്ങളിൽ കാറ്റത്ത് വീണതും, ഉണങ്ങിയതുമായ തടികളും ശേഖരിച്ച് സർക്കാർ തടി ഡിപ്പോകൾ വഴിയും, ഡമ്പിങ് ഡിപ്പോകൾ വഴിയും പൊതു ദർഘാസ് / ലേല വ്യവസ്ഥയിൽ വിറ്റഴിക്കുന്നു. കൂടാതെ എല്ലാ സർക്കാർ ഡിപ്പോകളിലും സ്വന്തം ഉപയോഗത്തിന് ചില്ലറ വില്പന നിലവിലുണ്ട്. വനം വകുപ്പ് വച്ചുപിടിപ്പിച്ച യൂക്കാലിപ്റ്റസ്, അക്കേഷ്യ തുടങ്ങിയ പൾപ്പ് വുഡ് മരങ്ങളും, ഈറ്റ, മുള എന്നിവയും പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിന് അസംസ്കൃത പദാർത്ഥമായി കരാർ പ്രകാരം അനുവദിച്ചു വരുന്നു. ഈറ്റ, മുള മുതലായവ കേരളാ സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന് സൗജന്യമായി |

അനുവദിച്ച് നൽകുകയും ചെയ്യുന്നുണ്ട്. ചെറുകിട വന വിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള അവകാശം ആദിവാസികൾക്ക് രണ്ട് ദശാബ്ദത്തിലേറെ കാലമായി സൗജന്യമായി നൽകി വരുന്നുണ്ട്.

സി. തടിലേലത്തിലെ അഴിമതി തടയുന്നതിന് പുതിയ നടപടി ക്രമം ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

സി. തടി വില്പനയിൽ ഉണ്ടാകാനിടയുള്ള അഴിമതി ഇല്ലാതാക്കുന്നതിനും സർക്കാർ ചട്ടങ്ങൾ പ്രകാരം ദർഘാസ്/ലേല വ്യവസ്ഥകൾ പുതുക്കി 24.8.2006 ൽ സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പരസ്യം നൽകി പൊതു ലേലത്തിലാണ് സർക്കാർ ഡിപ്പോകളിൽ നിന്ന് തടി വില്പന നടത്തി വരുന്നത്. ഇപ്പോൾ തടി വില്പന സംബന്ധിച്ച നിബന്ധനകൾ, പൊതുലേലവും പൊതുദർഘാസും ഒരുമിപ്പിച്ചുകൊണ്ട് കൂടുതൽ സുതാര്യമാക്കിയിട്ടുണ്ട്. ദർഘാസിലെയും പൊതുലേലത്തിലെയും നിരക്കുകളിൽ കൂടുതൽ വാഗ്ദാനം ചെയ്ത വ്യക്തിക്കാണ് വില്പന ഉറപ്പിച്ച് നൽകുന്നത്. ദർഘാസ് ലേല വ്യവസ്ഥകൾ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലേലം ചെയ്ത ലോട്ടുകളുടേയും അവയ്ക്ക് ലഭിച്ച നിരക്കുകളുടേയും വിശദാംശങ്ങൾ അടങ്ങുന്ന ലിസ്റ്റ് ഡിപ്പോകളിൽ പരസ്യപ്പെടുത്തുന്നുണ്ട്. പരാതികൾ ലഭിച്ചാൽ അവ യഥാസമയം അന്വേഷിക്കുന്നുണ്ട്.

ഡി. പട്ടികവർഗ്ഗക്കാർക്ക് കെട്ടിടനിർമ്മാണത്തിന് തടി അനുവദിക്കുന്നതിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

ഡി. വനം സെറ്റിൽമെന്റുകളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് വീട് നിർമ്മിക്കുന്നതിന് 25 ശതമാനം സീനിയറേജ് നിരക്കിൽ 1.5 ക്യൂബിക് മീറ്റർ തടി (1/2 ക്യൂബിക് മീറ്റർ പ്ലാവ്/ആഞ്ഞിലി, 1 ക്യൂബിക് മീറ്റർ മരുതി/മറ്റിനം തടികൾ) ലഭ്യത അനുസരിച്ച് നൽകുന്നതിന് സർക്കാർ ഉത്തരവ് (എം.എസ്) 6/2007/വനം തീയതി 12.2.2007 പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ ഇ.എം.എസ്. ഭവന പദ്ധതി, എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി, വനാവകാശ നിയമം 2006

എന്നിവയുടെ പരിധിയിൽ വരുന്ന പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഭവന നിർമ്മാണ പദ്ധതികൾക്ക് കോൺക്രീറ്റ് വീടിന് 1 ക്യൂബിക് മീറ്റർ, ഓടിട്ട വീടിന് 2 ക്യൂബിക് മീറ്റർ ക്രമത്തിൽ പ്ലാവ്, അഞ്ഞിലി, മരുതി, ഇരുൾ, ചടച്ചി ഇനത്തിൽപ്പെട്ട തടികൾ സൗജന്യമായി ലഭ്യത അനുസരിച്ച് നൽകുന്നതിന് സർക്കാർ ഉത്തരവ് (എം.എസ്.) 52/2009/വനം തീയതി 26.11.2009 പ്രകാരം ഉത്തരവായിട്ടുണ്ട്.

ഇ. വനങ്ങളിലെ മരം മുറിക്കുന്നതിന് നിലവിലുള്ള മാനദണ്ഡം വ്യക്തമാക്കുമോ ?

ഇ. വച്ചുപിടിപ്പിച്ചിട്ടുള്ള തേക്ക് തോട്ടങ്ങളിൽ നിന്നും ഇടവെട്ടുകൾ, പ്രായപൂർത്തിയായ തോട്ടങ്ങളുടെ അടച്ചുവെട്ട് എന്നിവ കേന്ദ്ര സർക്കാർ അംഗീകരിച്ച വർക്കിങ് പ്ലാൻ/ മാനേജ്മെന്റ് പ്ലാനിലെ നിബന്ധനകൾക്ക് വിധേയമായി നടത്തിവരുന്നു.

യൂക്കാലിപ്റ്റസ്, അക്കേഷ്യ തുടങ്ങിയ പൾപ്പ് വുഡ് തോട്ടങ്ങൾ കേന്ദ്ര സർക്കാർ അംഗീകരിച്ച വർക്കിങ് പ്ലാൻ / മാനേജ്മെന്റ് പ്ലാനിലെ നിബന്ധനകൾക്ക് അനുസരിച്ച് അസംസ്കൃത പദാർത്ഥമായി കരാർ പ്രകാരം വെട്ടിശേഖരിക്കാൻ തടിയധിഷ്ഠിത പൊതുമേഖലാ വ്യവസായ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിന് അനുവാദം നൽകിവരുന്നു.

ഉണങ്ങിയതും, കാറ്റിൽ പിഴുതുവീണു കിടക്കുന്നതുമായ ചന്ദനമരങ്ങൾ നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി വെട്ടി ശേഖരിച്ച് മറയൂർ ചന്ദന ഡിപ്പോയിൽ എത്തിച്ച് പൊതുലേലത്തിൽ വിറ്റ് വരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം. 324 16..03..2010 ന് മറുപടിക്ക്

## കേന്ദ്ര സഹായ പദ്ധതികളിലൂടെ ലഭ്യമായ ഫണ്ട്

==========================================

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ.<br>ശ്രീ. അടൂർ പ്രകാശ്:<br>ശ്രീ. ടി.എൻ. പ്രതാപൻ: | ശ്രീ. ബിനോയ് വിശ്വം<br>( വനവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി ) |
| എ). വിവിധ കേന്ദ്ര സഹായ പദ്ധതികളിലൂടെ കഴിഞ്ഞ രണ്ടു വർഷങ്ങളിൽ വനം വകുപ്പിന് ലഭ്യമായ ഫണ്ട് എത്രയെന്ന് വ്യക്തമാക്കുമോ; | എ) 2007-08, 2008-09 വർഷങ്ങളിലായി 3835.337 ലക്ഷം രൂപ വനം വകുപ്പിന് ലഭിച്ചിട്ടുണ്ട്. |
| ബി). ലഭ്യമായ ഫണ്ടിൽ എത്ര തുകയാണ് ചെലവഴിച്ചത് എന്ന് അറിയിക്കുമോ; | ബി) 3004.181 ലക്ഷം രൂപ. |
| സി) വനം വകുപ്പിന്റെ പദ്ധതി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ ? | സി) വനം വകുപ്പിന്റെ പദ്ധതി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ തലത്തിലും വകുപ്പുതലത്തിലും പ്രതിമാസം പദ്ധതി പുരോഗതി അവലോകനം ചെയ്തു വരുന്നു. ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകിവരുന്നുണ്ട്. വകുപ്പിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ജോലികളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും വകുപ്പിൽ എല്ലാ തലത്തിലുമുള്ള ഉദ്യോഗസ്ഥരും വനം വകുപ്പിന്റെ വിജിലൻസ് വിഭാഗത്തിലെ ഉദ്യോഗസ്ഥരും സമയാസമയങ്ങളിൽ പരിശോധന നടത്തി വരുന്നു. അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ മുതലായ ജോലികൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.325 16.03.2010-ൽ മറുപടിക്ക്

## പി. എസ്. സി. ചോദ്യങ്ങളിലെ പിഴവുകൾ ഒഴിവാക്കാൻ നടപടി

| ചോദ്യം<br>ശ്രീ. എ.കെ. ശശീന്ദ്രൻ | | ഉത്തരം<br>ശ്രീ വി.എസ്. അച്യുതാനന്ദൻ<br>മുഖ്യമന്ത്രി |
|---|---|---|
| എ) | ചോദ്യങ്ങളിലെ പിഴവുകൾ മൂലം പി.എസ്.സി പരീക്ഷകൾ തുടർച്ചയായി റദ്ദാക്കപ്പെടുന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ചില പരീക്ഷകൾ റദ്ദാക്കിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ ഒരു വർഷത്തിനിടെ എത്ര പരീക്ഷകൾ ഇപ്രകാരം റദ്ദാക്കപ്പെടുകയുണ്ടായെന്ന് വ്യക്തമാക്കുമോ; | മൂന്ന് |
| സി) | ചോദ്യകർത്താക്കളെ നിയോഗിക്കുന്നതിന് പി.എസ്.സി സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വിശദമാക്കുമോ? | ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രാഗൽഭ്യമുള്ള വിദഗ്ദ്ധരെയാണ് ചോദ്യകർത്താക്കളായി നിയോഗിക്കുന്നത്. |

ഡി) ചോദ്യപേപ്പർ തയ്യാറാക്കുന്നതിന് പി.എസ്.സി നൽകുന്ന പ്രതിഫലം വളരെ കുറവായത് കാരണം യോഗ്യതയുള്ളവരെ ഇതിനായി ലഭിക്കുന്നില്ലായെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഇ) അർഹമായ പ്രതിഫലം നൽകി യോഗ്യതയുള്ളവരെ ചോദ്യങ്ങൾ തയ്യാറാക്കുവാൻ നിയോഗിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

100 ചോദ്യങ്ങൾ ഉൾപ്പെടുന്ന **OMR** രീതിയിലുള്ള ചോദ്യങ്ങൾ തയ്യാറാക്കുന്നതിന് 2000 രൂപയും എഞ്ചിനീയറിംഗ്, മെഡിസിൻ എന്നീ വിഷയങ്ങളിലെ ചോദ്യകർത്താക്കൾക്ക് 2500 രൂപയും വിവരണാത്മക ചോദ്യങ്ങൾ തയ്യാറാക്കുന്നതിന് 1500 രൂപയും പ്രതിഫലമായി നൽകിവരുന്നു. ടി പ്രതിഫലം അപര്യാപ്തമാണെന്ന പരാതി ലഭിച്ചിട്ടില്ല. ലഭിക്കുന്ന പക്ഷം പബ്ലിക് സർവ്വീസ് കമ്മീഷൻ ആയത് പരിശോധിച്ച് വേണ്ട മാറ്റങ്ങൾ വരുത്തുന്നതാണ്.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 326 16.03.2010 ൽ മറുപടിയ്ക്ക്

## ഭവനനിർമ്മാണ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.സി. ജോർജ് | | ശ്രീ.ബിനോയ് വിശ്വം (വനവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭവന നിർമ്മാണ വകുപ്പിന്റെ കീഴിൽ പാവപ്പെട്ട ജനങ്ങളെ സഹായിക്കാൻ ഏതൊക്കെ തരത്തിലുള്ള ഭവന നിർമ്മാണ പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്; അവ ഏതെല്ലാം; വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭവന നിർമ്മാണ വകുപ്പിന്റെ കീഴിൽ പാവപ്പെട്ട ജനങ്ങളെ സഹായിക്കാൻ എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി, പുതുക്കിയ സുരക്ഷഭവന പദ്ധതി, തൊഴിലാളികൾക്കുള്ള ഇന്നൊവേറ്റീവ് ഹൗസിംഗ് സ്കീം എന്നീ ഭവന നിർമ്മാണ പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. |
| (ബി) | ഇതിൽ ഓരോ പദ്ധതിയിലും എത്ര ഗുണഭോക്താക്കൾ ഉണ്ടായിരുന്നെന്നും, ഇവർക്ക് നൽകിയ തുക എത്രയെന്നും, ജില്ല തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) | എം.എൻ. ലക്ഷം വീടു പുനർ നിർമ്മാണ പദ്ധതിയുടെയും സുരക്ഷാ ഭവന പദ്ധതിയുടെയും 28.2.2010 വരെയുള്ള പുരോഗതി റിപ്പോർട്ട് ജില്ല തിരിച്ച് അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. ഇന്നൊവേറ്റീവ് ഹൗസിംഗ് സ്കീം പ്രകാരമുള്ള ഫ്ളാറ്റുകളുടെ നിർമ്മാണം നടക്കുന്നതേയുള്ളൂ. |
| (സി) | പ്രസ്തുത ഓരോ പദ്ധതിയിലും സബ്സിഡി എത്ര വീതമെന്നും വ്യക്തമാക്കുമോ; | (സി) | എം.എൻ. ലക്ഷം വീടു പദ്ധതി പ്രകാരം ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള പൊതു വിഭാഗം കുടുംബങ്ങൾക്ക് 75,000/- രൂപയും പട്ടിക ജാതി കുടുംബങ്ങൾക്ക്/ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർ അംഗങ്ങളായുള്ള പൊതുവിഭാഗം കുടുംബങ്ങൾക്ക് 1,00,000/ രൂപയും പട്ടികവർഗ്ഗ/ ആശ്രയ കുടുംബങ്ങൾക്ക് 1,25,000/- രൂപയുമാണ് പരമാവധി സബ്സിഡി. |

പുതുക്കിയ സുരക്ഷ ഭവന പദ്ധതി പ്രകാരം 25,000/- രൂപയാണ് സർക്കാർ സബ്സിഡി. ഇന്നൊവേറ്റീവ് ഹൗസിംഗ് സ്കീമിന് സബ്സിഡി ഇല്ല.

| | | | |
|---|---|---|---|
| (ഡി) | ജനോപകാരപ്രദമാകുന്ന ഏതെങ്കിലും പുതിയ ഭവനപദ്ധതികൾക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഡി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 327 — 16-03-2010 - ൽ മറുപടിക്ക്

## സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.ടി. ജലീൽ<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>മുഖ്യമന്ത്രി |

(എ) സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും പൊതുസ്ഥലംമാറ്റം സംബന്ധിച്ച മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിന് സർവ്വീസ് സംഘടനകളുമായി സർക്കാർ ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പൊതുസ്ഥലംമാറ്റം സംബന്ധിച്ച മാനദണ്ഡത്തിൽ സർക്കാർ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

(എ) യും (ബി) യും ഉണ്ട്.

ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പെൻഷൻ തീയതി ഏകീകരിച്ചതിനെ തുടർന്ന് സ്ഥലംമാറ്റം, പ്രൊമോഷൻ തുടങ്ങിയ കാര്യങ്ങളിൽ ഉണ്ടാകാനിടയുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ കാലേകൂട്ടി സ്വീകരിക്കണമെന്ന ആവശ്യമുയർന്നു. ഇതേതുടർന്ന് 7-12-2009 ന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് സെക്രട്ടറി അംഗീകൃത സർവ്വീസ് സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തി. പൊതുസ്ഥലം മാറ്റ മാനദണ്ഡങ്ങൾ ഉൾക്കൊള്ളുന്ന 10-9-2004 ലെ (പി)12/04/ഉഭപവ സർക്കാർ ഉത്തരവിന്റെ 1, 14 ഖണ്ഡികകളിലെ വ്യവസ്ഥകളും സ്ഥലംമാറ്റ കാര്യങ്ങളിൽ ഇളവുകൾ ലഭ്യമാകുന്ന വിഭാഗത്തിൽ വിധവകളായ ജീവനക്കാരെക്കൂടി ഉൾപ്പെടുത്തുന്ന കാര്യവുമാണ് പ്രധാനമായും ചർച്ച ചെയ്തത്.

ചർച്ചയിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പൊതുസ്ഥലംമാറ്റ വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന 10-9-2004 ലെ (പി)12/04/ഉഭപവ നമ്പർ ഉത്തരവ്

ഭേദഗതി ചെയ്തു കൊണ്ട് 30-12-2009 ൽ യഥാക്രമം സർക്കാർ ഉത്തരവ് (പി)21/09/ഉഭപവ., സർക്കാർ ഉത്തരവ് (പി) 22/09/ഉഭപവ എന്നീ നമ്പർ ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. അതിൻപ്രകാരം സ്ഥലംമാറ്റത്തിനുള്ള അപേക്ഷ സ്വീകരിക്കുന്നതിനുള്ള സമയം ഫെബ്രുവരി മാസം ഒടുവിൽ എന്നതിനുപ്രകാരം ഈ വർഷം ജനുവരി 31 എന്നും വരുംവർഷങ്ങളിൽ ഡിസംബർ 31 എന്നും പൊതുസ്ഥലംമാറ്റം നടത്തേണ്ടത് മേയ് മാസം മദ്ധ്യം എന്നതിനുപ്രകാരം മാർച്ച് മാസം മദ്ധ്യം എന്നും ഭേദഗതി വരുത്തി. കൂടാതെ സ്ഥലംമാറ്റ ഇളവുകൾ ലഭ്യമായിട്ടുള്ള വിഭാഗങ്ങളിൽ വിധവകളെയും വിഭാര്യരെയും ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(signature)

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 328

16.03.10-ൽ മറുപടിക്ക്

### റേഷൻ കടകളിലെ ക്രമക്കേടുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ:<br>" ബി. രാഘവൻ:<br>" പി.പി. അബ്ദുള്ളക്കുട്ടി:<br>" സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) റേഷൻകടകളിലെ ക്രമക്കേടുകൾ തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടർ തസ്തികയിലുള്ളവർ മുതൽ മുകളിലോട്ടുള്ള ഫീൽഡ് സ്റ്റാഫ് റേഷൻ കടകളിൽ നിരന്തരം പരിശോധന നടത്തിവരുന്നു. കൂടാതെ സംസ്ഥാനതല സർപ്രൈസ് ഇൻസ്പെക്ഷൻ സ്ക്വാഡും സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിലെ വിജിലൻസ് ഓഫീസറും ദക്ഷിണ/ഉത്തര മേഖല ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാരുടെ നേതൃത്വത്തിലുള്ള സ്ക്വാഡുകളും റേഷൻ കടകൾ പരിശോധിച്ചു വരുന്നുണ്ട്. എഫ്.സി.ഐ ഗോഡൗണിൽ നിന്നും സ്റ്റോക്ക് വിട്ടെടുക്കുന്നതു മുതൽ റേഷൻ കടകളിൽ എത്തുന്നതുവരെ റേഷൻ സാധനങ്ങളുടെ തിരിമറി നടക്കുന്നില്ല എന്ന് ഉറപ്പു വരുത്താൻ വിപുലമായ പരിശോധന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ക്രമക്കേടുകൾ കണ്ടെത്തുന്ന റേഷൻ വ്യാപാരികളുടെ അംഗീകാരം സ്ഥിരമായി റദ്ദ് ചെയ്യുന്നത് ഉൾപ്പെടെയുള്ള കർശന നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) ക്രമക്കേടുകളുടെ പേരിൽ റേഷൻ വ്യാപാരികളുടെ മേൽ ഈ സർക്കാർ എത്ര കേസുകൾ എടുത്തിട്ടുണ്ട്; എത്ര കടകളുടെ ലൈസൻസ് റദ്ദാക്കിയി ട്ടുണ്ട്; | (ബി) ക്രമക്കേടുകളുടെ പേരിൽ റേഷൻ വ്യാപാരികളുടെ മേൽ ഈ സർക്കാർ 2,07,153 കേസുകൾ എടുത്തിട്ടുണ്ട്. 142 റേഷൻ കടകളുടെ ലൈസൻസ് സ്ഥിരമായി റദ്ദാക്കിയിട്ടുണ്ട്. |
| (സി) എത്ര കടകളുടെ ലൈസൻസ് സസ്പെൻഡ് ചെയ്തിട്ടുണ്ട്; | (സി) 1419 റേഷൻ കടകളുടെ ലൈസൻസ് താല്ക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | റേഷൻ സാധനങ്ങൾ കൃത്യ അളവിൽ ഉപഭോക്താക്കൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (ഡി) | റേഷൻ സാധനങ്ങൾ കൃത്യമായ അളവിലും തൂക്കത്തിലും ഉപഭോക്താക്കൾക്ക് ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിനായി കർശനമായ പരിശോധനകൾ നടത്തി വരുന്നു. എല്ലാ റേഷൻ കടകളിലും (വൈദ്യുതീകരിക്കാത്ത അപൂർവ്വം റേഷൻ കടകളൊഴികെ) ഇലക്ട്രോണിക് ത്രാസ് ഉപയോഗിക്കുന്നതുകൊണ്ട് തൂക്കത്തിലെ കൃത്യത ഉറപ്പുവരുത്താൻ കഴിയുന്നു. |
| (ഇ) | എല്ലാ റേഷൻ കടകളിലും ഇലക്ട്രോണിക് വെയിംഗ് മെഷീൻ സമ്പ്രദായം നടപ്പാക്കിയിട്ടുണ്ടോ; | (ഇ) | സംസ്ഥാനത്തെ വൈദ്യുതീകരിച്ച എല്ലാ റേഷൻ കടകളിലും ഇലക്ട്രോണിക് ത്രാസ് സ്ഥാപിച്ചിട്ടുണ്ട്. |
| (എഫ്) | റേഷൻ കടകൾ വഴി കൂടുതൽ നിത്യോപയോഗസാധനങ്ങൾ വിറ്റഴിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എഫ്) | സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട റേഷൻ കടകളെ ശബരിസ്റ്റോറാക്കി സപ്ലൈകോ മുഖാന്തിരം കൂടുതൽ നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 329 — 16.03.2010 ൽ മറുപടിയ്ക്ക്

## ബയോഡൈവേഴ്സിറ്റി ബോർഡിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.കുഞ്ഞിരാമൻ<br>ശ്രീ.അൽഫോൺസ് കണ്ണന്താനം<br>ശ്രീ.സി.കെ.സദാശിവൻ<br>ശ്രീ.വി.ശശികുമാർ<br>ശ്രീ.എ.പ്രദീപ് കുമാർ | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |

(എ) ബയോഡൈവേഴ്സിറ്റി ബോർഡിന്റെ പ്രവർത്തനം വിശദമാക്കുമോ;

(എ) 2002 ലെ ജൈവവൈവിധ്യ നിയമവും 2008 ലെ ജൈവവൈവിധ്യ ചട്ടങ്ങളും പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുക, ഇതിനായി അംഗീകരിച്ച് തയ്യാറാക്കിയിരിക്കുന്ന സംസ്ഥാന ജൈവവൈവിധ്യ തന്ത്രങ്ങളും കർമ്മപദ്ധതികളും നടപ്പാക്കുക എന്നിവയാണ് സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ പ്രധാന പ്രവർത്തനങ്ങൾ.

ഈ പ്രവർത്തനങ്ങളുടെ ഭാഗമായി നിയമാനുസൃത ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികൾ (BMCs) എല്ലാ ഗ്രാമപഞ്ചായത്തുകളിലും മുൻസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും രൂപീകരിക്കുന്നതിനു വേണ്ട നടപടികൾ ബോർഡ് സ്വീകരിച്ചു വരുന്നു. 200-ലധികം ബി.എം.സികൾ ഇതിനകം രൂപീകരിച്ചു കഴിഞ്ഞു. ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ എല്ലാ ഗ്രാമപഞ്ചായത്തുകളിലും 31.01.2011 നു മുമ്പായി തയ്യാറാക്കുന്നതിനുള്ള പദ്ധതി ബോർഡ് ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലീർ

തടങ്ങളുടെയും രൂപടം തയ്യാറാക്കൽ; ജലപക്ഷികളുടെയും കൊറ്റി വർഗ്ഗ പക്ഷികളുടെയും കണക്കെടുപ്പ്, കൊറ്റില്ല സംരക്ഷണം; പ്രധാന നദികളിലെ മത്സ്യസമ്പത്ത് സംബന്ധിച്ച പഠനം എന്നിവ ബോർഡ് നടത്തി വരുന്നു.

കാർഷിക ജൈവവൈവിധ്യ സംരക്ഷണത്തിന്റെ പ്രാധാന്യവും പ്രയോജനവും പ്രദർശിപ്പിക്കുന്ന ഒരു പൈലറ്റ് പദ്ധതി പാലക്കാട് ജില്ലയിലെ എരിമയൂർ പഞ്ചായത്തിൽ ബോർഡ് നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ തീരദേശ തണ്ണീർത്തട സംരക്ഷണത്തിനായി ഒരു പദ്ധതി കണ്ണൂർ ജില്ലയിലെ ഏഴോം പഞ്ചായത്തിലും തണ്ണീർത്തടങ്ങളുടെ സുസ്ഥിര ഉപയോഗത്തിലൂടെ ജൈവവൈവിധ്യ വർദ്ധനവും പ്രദേശ വാസികൾക്ക് സ്ഥിര വരുമാനവും ലക്ഷ്യമിടുന്ന ഒരു വിവിധോദ്ദേശ്യ പൈലറ്റ് പദ്ധതി മലപ്പുറം ജില്ലയിലെ വെളിയംകോട് പഞ്ചായത്തിലും ജൈവവൈവിധ്യ ബോർഡ് നടപ്പിലാക്കി വരുന്നു.

ജൈവ വൈവിധ്യ സംരക്ഷണത്തെപ്പറ്റി വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനായി സ്കൂൾ/കോളേജ് തലത്തിൽ അതാത് സ്ഥാപനങ്ങൾക്ക് ജൈവവൈവിധ്യ സംരക്ഷണ പദ്ധതികൾ നടപ്പാക്കാൻ ധനസഹായവും സാങ്കേതിക സഹായവും ബോർഡ് നൽകി വരുന്നു. ജനിതക വ്യതിയാനം വരുത്തിയ വിത്തുകളെയും ഭക്ഷ്യ വസ്തുക്കളെയും പറ്റി അവബോധം സൃഷ്ടിക്കുന്നതിനായി ദേശീയ തലത്തിലുള്ള ശില്പശാലകൾ ബോർഡ് സംഘടിപ്പിക്കുന്നുണ്ട്. ജൈവ വൈവിധ്യ/പരിസ്ഥിതി സംരക്ഷണ മേഖലകളിൽ പ്രശംസനീയമായ പ്രവർത്തനങ്ങളും സംഭാവനകളും നൽകിയ വ്യക്തി, സ്ഥാപനം, പത്ര പ്രവർത്തകൻ, വിദ്യാലയം എന്നി

വർക്ക് വർഷം തോറും 'ഹരിത അവാർഡ് ' ബോർഡ് നൽകി വരുന്നു. ജൈവവൈവിധ്യ സംരക്ഷണത്തെപ്പറ്റിയുള്ള ബോധവൽക്കരണത്തിനായി ജൈവവൈവിധ്യമേള, ദേശീയ-സംസ്ഥാനതല സെമിനാറുകൾ, ശാസ്ത്ര സമ്മേളനങ്ങൾ എന്നിവയുടെ നടത്തിപ്പിൽ ബോർഡ് പങ്കാളിയാവുകയും ധനസഹായം നൽകുകയും ചെയ്തു വരുന്നു.

(ബി) എത്ര പഞ്ചായത്തുകളിൽ ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്;

(ബി) ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ള 200 ഗ്രാമപഞ്ചായത്തുകളിൽ ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) തണ്ണീർത്തടങ്ങളുടെയും നദികളുടെയും പരിസ്ഥിതി സംരക്ഷണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(സി) ജലാശയങ്ങളുടെ ജൈവഘടന നിർണ്ണയിക്കുന്നതിനുള്ള പ്രാഥമിക ഉപാധി അതിന്റെ ജൈവവൈവിധ്യ നിർണയമാണ് എന്നത് പരിഗണിച്ച് , സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മുഖേന സംസ്ഥാനത്തെ പ്രധാന നദികളിലെ മത്സ്യ ജൈവവൈവിധ്യം പഠിക്കുന്നതിന് 2008-09 മുതൽ മൂന്നു വർഷം നീണ്ടു നിൽക്കുന്ന ഒരു ശാസ്ത്രീയ പഠനം ബോർഡ് ഏറ്റെടുത്തിട്ടുണ്ട്. സംസ്ഥാനത്തെ തണ്ണീർത്തടങ്ങളുടെ പൊതുവായ ഡയറക്ടറി തയ്യാറാക്കി എല്ലാവർക്കും സൗജന്യമായി ഉപയോഗിക്കാൻ കഴിയും വിധം ഇന്റർനെറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. തണ്ണീർത്തടങ്ങളുടെ സുസ്ഥിര ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി ജൈവനെൽകൃഷി, മത്സ്യകൃഷി, പച്ചക്കറികൃഷി, താറാവ് വളർത്തൽ തുടങ്ങിയവ സംയോജിപ്പിക്കുന്ന ഒരു തണ്ണീർത്തട ജൈവവൈവിധ്യ വർദ്ധനവ് പദ്ധതി ബോർഡ് മുഖേന നടപ്പിലാക്കി വരുന്നു.

കൂടാതെ കേരള പരിസ്ഥിതി മാനേജ്മെന്റ് ഏജൻസി മുഖേന തണ്ണീർത്തട ആവാസ പുന:സ്ഥാപന പദ്ധതിയുടെ ഭാഗമായി ശാസ്താംകോട്ട, കവ്വായി, കാപ്പിത്തോട്, വെള്ളായണി, വേമ്പനാട്, പൊന്നാനി, കബനി എന്നീ നീർത്തടങ്ങളുടെ ആവാസ പുന:സ്ഥാപനവുമായി ബന്ധപ്പെട്ടതും പെരിയാറിന്റെ ഇരുവശത്തുമുള്ള പ്രദേശങ്ങളിൽ അതാത് സ്ഥലത്തിനനുയോജ്യമായ രീതിയിൽ നദീ സംരക്ഷണം നിശ്ചയിക്കുന്നതു സംബന്ധിച്ചുമുള്ള പഠനങ്ങൾ നടത്തി വരുന്നു.

(ഡി) ഇതിനായി ഈ വർഷം അനുവദിച്ച തുകയിൽ എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ?

(ഡി) തണ്ണീർത്തട സംരക്ഷണത്തിനായി 2008-09 മുതൽ 3 വർഷം നീണ്ടു നിൽക്കുന്ന തുടർ പദ്ധതികൾ ജൈവവൈവിധ്യ ബോർഡ് മുഖേന നടപ്പാക്കി വരുന്നു. ഇതിനായി ബോർഡ് 01.04.2009 മുതൽ 28.02.2010 വരെ 16,31,054/ രൂപ ചെലവഴിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം ഇതിനായി ബോർഡിന് അനുവദിച്ച തുകയും ഇതിൽ ഉൾപ്പെടുന്നു. കൂടാതെ പരിസ്ഥിതി മാനേജ്മെന്റ് ഏജൻസി മുഖേന നടപ്പാക്കുന്ന നീർത്തടങ്ങളുടെ ആവാസ പുന:സ്ഥാപന പദ്ധതികൾക്കായി 88 ലക്ഷം രൂപയും പെരിയാർ നദീസംരക്ഷണ പദ്ധതി നിശ്ചയിക്കാനുള്ള പഠനത്തിന് 84,000/- രൂപയും ഈ വർഷം ചിലവഴിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
### പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 330      16-03-2010-ൽ മറുപടിയ്ക്ക്

### ഭരണപരിഷ്കാര മോണിറ്ററിംഗ് കമ്മീഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആനത്തലവട്ടം ആനന്ദൻ:<br>ശ്രീ.ആർ.സെൽവരാജ്:<br>പ്രൊഫ. സി. രവീന്ദ്രനാഥ്:<br>ശ്രീ. ജോർജ് എം. തോമസ്:<br>ശ്രീ. കെ. കുഞ്ഞിരാമൻ: | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>മുഖ്യമന്ത്രി |
| എ) ഭരണ പരിഷ്കാര നടപടികൾ ത്വരിതപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | എ) ഭരണ പരിഷ്ക്കാര നടപടികൾ ത്വരിതപ്പെടുത്തുന്നതിന് സർക്കാർ ഇതിനകംതന്നെ നിരവധി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഭരണ പരിഷ്ക്കാര നടപടികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് ജീവനക്കാരെ പ്രാപ്തരാക്കുന്നതിനായി ജീവനക്കാർക്ക് പരിശീലനം നൽകുന്നതിന് ഒരു സ്റ്റേറ്റ് ട്രെയിനിംഗ് പോളിസിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. പുതിയതായി ജോലിയിൽ പ്രവേശിക്കുന്ന സെക്രട്ടേറിയറ്റിലേയും മറ്റ് തിരഞ്ഞെടുത്ത വകുപ്പുകളിലേയും ജീവനക്കാർക്ക് ഐ.എം.ജി.യിൽ ഇൻഡക്ഷൻ ട്രെയിനിംഗ് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഭരണ പരിഷ്ക്കാര നടപടികൾ നടപ്പിലാക്കുന്നതിന്റെ |

ഭാഗമായിതന്നെ, ഒരു തുടക്കമെന്ന നിലയിൽ സെക്രട്ടേറിയറ്റ് ജീവനക്കാരുടെ അച്ചടക്കം, ഹാജർ തുടങ്ങിയവ മെച്ചപ്പെടുത്തുന്നതിനായി കേരളാ സെക്രട്ടേറിയറ്റ് മാന്വലിലെ പ്രസക്ത വ്യവസ്ഥകൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി 1-6-09-ലെ 6434/എ.ആർ.13(2)/2009/ഉഭപവ നമ്പർ സർക്കുലർ പ്രകാരം ആവശ്യമായ നിർദ്ദേശം സർക്കാർ പുറപ്പെടുവിച്ചിരുന്നു. കൂടാതെ പഞ്ചിംഗ് സമ്പ്രദായം പുനസ്ഥാപിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട് അതിന്റെ ആദ്യ നടപടിയായി ഏപ്രിൽ 1 മുതൽ സെക്രട്ടേറിയറ്റിൽ പഞ്ചിംഗ് സമ്പ്രദായം പുനസ്ഥാപിക്കുന്നതാണ്. ഭരണ വകുപ്പിന്റേയും വകുപ്പ്അദ്ധ്യക്ഷൻമാരുടേയും ധനപരമായ അധികാരങ്ങൾ വർദ്ധിപ്പിച്ചു. ഭരണ പരിഷ്ക്കാര നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇത് 2010 ജനുവരി 1ന് നിലവിൽ വരത്തക്ക വിധം കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ

| | | | |
|---|---|---|---|
| | | | പ്രഖ്യാപിച്ച ഭരണ പരിഷ്ക്കാര നടപടികൾ കൃത്യമായും സമയബന്ധിതമായും നടപ്പിലാക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് ഒരു സ്ഥിരം സംവിധാനം ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഒരു മോണിറ്ററിംഗ് കമ്മീഷനെ നിയമിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. |
| ബി) | ഭരണപരിഷ്കാര മോണിറ്ററിംഗ് കമ്മീഷൻ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | ബി) | ഉണ്ട് |
| സി) | ഭരണപരിഷ്കാര മോണിറ്ററിംഗ് കമ്മീഷന്റെ ചുമതലകൾ വ്യക്തമാക്കുമോ ; | സി) | ഭരണ പരിഷ്ക്കാര മോണിറ്ററിംഗ് കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ നടന്നുവരുന്നു. കമ്മീഷനെ നിയമിക്കുന്ന മുറക്ക് കമ്മീഷന്റെ ചുമതലയും നിശ്ചയിക്കുന്നതാണ്. |
| ഡി) | ഭരണ പരിഷ്കാര കമ്മീഷൻ റിപ്പോർട്ടുകളിലെ ഏതെല്ലാം ശുപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട് ; | ഡി) | ഭരണ പരിഷ്ക്കാര കമ്മീഷൻ സർക്കാരിന് സമർപ്പിച്ച 15 റിപ്പോർട്ടുകളിൽ 11 റിപ്പോർട്ടുകളിലെ മിക്ക ശുപാർശകളും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. അംഗീകരിച്ച ശുപാർശകൾ ചുവടെ ചേർത്തിരിക്കുന്നു. |

ഒന്നാമത്തെ റിപ്പോർട്ട്

1. പൗരാവകാശ പത്രിക (സിറ്റിസൺ ചാർട്ടർ)
2. സുതാര്യതയും അറിയുവാനുള്ളഅവകാശവും
3. പൊതുജനപരാതിപരിഹാരം
4. അധികാരവികേന്ദ്രീകരണവും ഭരണപരിഷ്കാരവും

രണ്ടാമത് റിപ്പോർട്ട്

സർക്കാർ ഉദ്യോഗസ്ഥരുടെ ഹാജർ നിരീക്ഷണ നിയന്ത്രണം

മൂന്നാമത് റിപ്പോർട്ട്

1. ധനപരമായ പരിഷ്കാരങ്ങൾ
2. ഭരണവകുപ്പിൻെറയും വകുപ്പദ്ധ്യക്ഷന്മാരുടെയുംഅധികാരം വർദ്ധിപ്പിക്കുക.
3. സാംപത്തിക നിയന്ത്രണം ഏകീകരിക്കുക

നാലാമത് റിപ്പോർട്ട്

1. കഴിവ് മെച്ചപ്പെടുത്തൽ
2. നിയമന-സ്ഥാനനിർണ്ണയം
3. അച്ചടക്കം

ആറാമത് റിപ്പോർട്ട്

ഗസറ്റഡ് ഉദ്യോഗസ്ഥരുടെ ശമ്പളവും ബന്ധപ്പെട്ട കാര്യങ്ങളും നടപടിക്രമം ലഘൂകരിക്കുന്നത് സംബന്ധിച്ച്.

ഏഴാമത് റിപ്പോർട്ട്

കാലഹരണപ്പെട്ട നിയമങ്ങൾ ഒഴിവാക്കാനും പരിഷ്കരിക്കാനും ലളിതമാക്കാനും വേണ്ടി ഒരു ലോകമ്മീഷൻ രൂപീകരിക്കുക.

--

<u>എട്ടാമത് റിപ്പോർട്ട്</u>

പട്ടികജാതി/പട്ടികവർഗ്ഗ, കിർത്താഡ്സ്, സോഷ്യൽ വെൽഫയർ എന്നീ വകുപ്പുകളിലെ ഭരണ പരിഷ്കാരങ്ങൾ

<u>പത്താമത് റിപ്പോർട്ട്</u>

പൊതുമരാമത്ത് പ്രവർത്തനത്തിന്റെ നവീകരണം

<u>പതിനൊന്നാമത് റിപ്പോർട്ട്</u>

സർക്കാരും പൊതുമേഖലാ സ്ഥാപനങ്ങളും തമ്മിലുള്ള അനുരഞ്ജനം

<u>പന്ത്രണ്ടാമത് റിപ്പോർട്ട്</u>

ആരോഗ്യമേഖലയിലെ വികസനം

<u>പതിമൂന്നാമത് റിപ്പോർട്ട്</u>

അധികാരവികേന്ദ്രീകരണം സംബന്ധിച്ച സ്ഥാപനവല്ക്കരണം

ഇ) സിവിൽ സർവ്വീസിന്റെ കാര്യക്ഷമത ഉയർത്തുന്നതിന് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ഇ) സിവിൽ സർവ്വീസിന്റെ കാര്യക്ഷമത ഉയർത്തുന്നതിനായി ഒരു സ്റ്റേറ്റ് ട്രെയിനിംഗ് പോളിസിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. പുതിയതായി ജോലിയിൽ പ്രവേശിക്കുന്ന സെക്രട്ടേറിയറ്റിലേയും മറ്റ് തെരഞ്ഞെടുത്ത വകുപ്പുകളിലേയും ജീവനക്കാർക്ക് ഐ.എം.ജി. യിൽ ഇൻഡക്ഷൻ ട്രെയിനിംഗ് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ജീവനക്കാരുടെ അച്ചടക്കം, ഹാജർ എന്നിവ മെച്ചപ്പെടുത്തുന്നതിന് അവശ്യമായ

നടപടികൾ കൈക്കൊള്ളാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ആദ്യപടി എന്ന നിലയ്ക്ക് സെക്രട്ടേറിയറ്റിൽ ഏപ്രിൽ 1 മുതൽ പഞ്ചിംഗ് സമ്പ്രദായം പുനസ്ഥാപിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ